# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)2001/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 11/01/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി8)2001/2022 തീയ്യതി: 11/01/2023

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 09-11-2022 | 18-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-11-2022 | 18-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമിത.ടി.എസ്, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മധുസൂദനൻ.ടി.ജി | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ഗിരീഷ് ചന്ദ്രൻ.കെ | സെക്രട്ടറി | 05-07-2021 | 22-10-2021 |
| പി.ജെ ജലീൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-10-2021 | 22-12-2021 |
| ഷാജി.കെ.കെ | സെക്രട്ടറി | 23-12-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രശ്മി.പി.വി | അസി.സെക്രട്ടറി | 01-04-2021 | 26-07-2021 |
| പി.ജെ ജലീൽ | അസി.സെക്രട്ടറി | 26-07-2021 | 31-03-2022 |
| രോഹിണി.ആർ | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2021 | 31-03-2022 |
| ലാൽസുന പി.കെ | കൃഷി ഓഫീസർ | 01-04-2021 | 26-05-2021 |
| രേഷ്മ.എം.സി | കൃഷി ഓഫീസർ ഇൻ ചാർജ് | 26-05-2021 | 06-10-2021 |
| ഹുസൈൻ പി.വി | കൃഷി ഓഫീസർ | 07-10-2021 | 31-03-2022 |
| കോമളവല്ലി എം.ആർ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-05-2021 |
| ഗ്രേസി എം.ജെ | ഹെഡ് മിസ്ട്രസ് | 01-06-2021 | 31-03-2022 |
| സിൽവി.സി.ഐ | മെഡിക്കൽ ഓഫീസർ,ആയുർവേദ | 01-04-2021 | 31-03-2022 |
| ജീന സക്കറിയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഷിബു.പി.വി | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ആഷ പി.എസ് | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2021 | 31-03-2022 |
| ഷിഫാന പി.എസ് | വി.ഇ.ഒ,മാള | 01-04-2021 | 23-09-2021 |
| ബീന പി.ബി | വി.ഇ.ഒ,മാള | 24-09-2021 | 31-03-2022 |
| ജയശ്രീ.എം.എസ് | വി.ഇ.ഒ, അഷ്ടമിച്ചിറ | 01-04-2021 | 31-03-2022 |
| ശ്രുതി.ടി.രാംമോഹൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| നിഷ.സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാല**ൻ**സ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിനൊപ്പം ഇല്ല | 1-10 |
| 11 | വസ്തു നികുതി സാംഖ്യ പ്രകാരമുള്ള കണക്കുകളും, സഞ്ചയ പ്രകാരമുള്ള കണക്കുകളും തമ്മിൽ യോജിക്കുന്നില്ല | 1-11 |
| 12 | സാംഖ്യ വസ്തു നികുതി മുൻകൂർ സഞ്ചയ സോഫ്റ്റ് വെയറിലെ സമാന കണക്കുമായി യോജിക്കുന്നില്ല | 1-12 |
| 13 | ലൈബ്രറി സെസ്സ് കണക്കുകളിൽ സാംഖ്യ കണക്കിൽ തന്നെ പൊരുത്തക്കേട് | 1-13 |
| 14 | കൈയ്യെഴുത്തായി എഴുതേണ്ട രജിസ്റ്ററുകൾ പൂർത്തിയാക്കാതെ നിൽക്കുന്നു | 1-14 |
| 15 | അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(വസ്തു നികുതി ഒഴികെ) | 1-15 |
| 16 | രജിസ്റ്ററുകളിൽ മുൻകൂർ ക്രമപ്പെടുത്തിയിട്ടില്ല | 1-16 |
| 17 | പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല | 1-17 |
| 18 | പ്രയർ പിരീഡ് ഇനങ്ങൾക്ക് വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-19 |
| 20 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-20 |
| 21 | ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-21 |
| 22 | സ്റ്റോക്ക് രജിസ്റ്റർ ആധികാരികമല്ല | 1-22 |
| 23 | ഡെപ്പോസിറ്റ് രജിസ്റ്റർ 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് | 1-23 |

| | | |
|---|---|---|
| | ,ഷെഡ്യൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു. | |
| 24 | വർഷാവസാനം ഗ്രാന്റിനത്തിലെ ബാധ്യതകൾ അത് സൂക്ഷിച്ചിരിക്കുന്ന ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല | 1-24 |
| 25 | കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ ബാധ്യതയിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല | 1-25 |
| 26 | അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-26 |
| 27 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. | 1-27 |
| 28 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-28 |
| 29 | ക്രെഡിറ്റ് ചെയ്യപ്പെടാത്ത ചെക്കുകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ് | 1-29 |
| 30 | തൊഴിലുറപ്പ് ക്യാഷ് ബുക്ക പ്രകാരമുള്ള ആകെ ചെലവും വാർഷികകണക്കിലെ ഇതേയിനത്തിലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല | 1-30 |
| 31 | മാള പ്രസ് ക്ലബിന് കെട്ടിടം വാടകയ്ക്ക് നൽകിയതിലെ അപാകതകൾ | 1-31 |
| 32 | ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല. | 1-32 |
| 33 | റേഷൻ കട, കള്ള് ഷാപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ മുതലായവയുടെ ലൈസൻസ് | 1-33 |
| 34 | മൽസ്യ വിപണന കടകൾ,മാംസ വിപണന കടകൾ എന്നിവയുടെ ലൈസൻസ് | 1-34 |
| 35 | കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാളയിൽ നിന്നും ലൈസൻസ് ഫീ തുക കുറവായി ഈടാക്കി | 1-35 |
| 36 | വാടക കരാർ ചമയ്ക്കാതെ റൂമുകൾ വാടകയ്ക്ക് നൽകി | 1-36 |
| 37 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷനില്ലാതെയും, ലൈസൻസില്ലാതെയും പ്രവർത്തിക്കുന്നു | 1-37 |
| 38 | വാടക ബൈലോ - അംഗീകാരം നേടേണ്ടതാണ് | 1-38 |
| 39 | അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്ററിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ ഉൾപ്പെടുത്തി | 1-39 |
| 40 | AIR(WATER) അപ്പലേറ്റ് അതോറിറ്റി, ട്രാഫിക് റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ അനുമതി ഇല്ലാതെ കെട്ടിട നമ്പർ, ലൈസൻസ് അനുവദിച്ചു | 1-40 |
| 41 | നമ്പർ ലഭിച്ച ശേഷം കെട്ടിത്തിന്റെ സെറ്റ് ബാക്ക്,പാർക്കിങ്ങ് ഏരിയ എന്നിവ കെട്ടിടത്തിന്റെ ഭാഗമായി ചേർത്തു. | 1-41 |
| 42 | അനധികൃത നിർമ്മാണങ്ങൾ തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-42 |

| | | |
|---|---|---|
| 43 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-43 |
| 44 | കരാർ ചമക്കുന്നതിലെ അപാകതകൾ | 1-44 |
| 45 | പ്രൈസ് സോഫ്റ്റ് വെയറിലെ അപാകത | 1-45 |
| 46 | പഞ്ചായത്തിന് ലഭിച്ച സംശുദ്ധ സേവനത്തിന് ജി.എസ്.റ്റി. അടവാക്കി | 1-46 |
| 47 | വളം സബ്സിഡി രസീതുകളിൽ ഗുണഭോക്താവിന്റെ പേര് ചേർത്തിട്ടില്ല | 1-47 |
| 48 | മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണം- തീരദേശനിയന്ത്രിതമേഖലാപരിപാലനസമിതിയിൽ നിന്നും അനുവാദം വാങ്ങാതെയുള്ള നിർമാണം | 1-48 |
| 49 | അണ്ണല്ലൂർ ആനപ്പാറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി യീൽഡ് ടെസ്റ്റ് നടത്തുന്നതിന് മുമ്പേ വൈദ്യുതിബോർഡിൽ തുക അടവാക്കി | 1-49 |
| 50 | ലൈഫ് എസ് സി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-50 |
| 51 | റോഡുകളുടെ സൗന്ദര്യവൽകരണത്തിന്റെ ഭാഗമായി വനവൽകരണപ്രവർത്തനങ്ങൾ-നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ നശിച്ചുപോയതിന്മേൽ ഓംബുഡ്സ്മാന്റെ വിധി-തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-51 |
| 52 | മസ്റ്റർ റോളിൽ ഒപ്പിടാതെയും പ്രവൃത്തി പൂർത്തീകരിച്ചശേഷവും മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധ തൊഴിലാളികളുടെ വേതനം കൈപ്പറ്റി | 1-52 |
| 53 | മസ്റ്റർ റോൾ അനുവദിക്കും മുമ്പേയുള്ള ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി | 1-53 |
| 54 | കെൽട്രോണിൽ നിന്നും പ്രിന്റർ വാങ്ങുന്നതിന് തുക കൈമാറിയത് -പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല. | 1-54 |
| 55 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം | 1-55 |
| 56 | എഫ്.ടി.എസ് ദിവസവേതനനിയമനം സംബന്ധിച്ച് | 1-56 |
| 57 | ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി. | 1-57 |
| 58 | പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്ക് ജി.എസ്.ടി അടവാക്കി | 1-58 |
| 59 | മുട്ടക്കോഴി വളർത്തൽ (ജനറൽ) മുഴുവൻ വിതരണവും നടന്നതായി രേഖയില്ല. രേഖകളില്ലാത്ത ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-59 |
| 60 | വാഴകൃഷിക്ക് ജൈവവളം യൂണിറ്റ് കോസ്റ്റ് കണക്കാക്കാതെ സബ്സിഡി നൽകിയത് | 1-60 |
| | ഭാഗം **2** | |
| 1 | കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാളയിൽ നിന്നും ലൈസൻസ് ഫീ തുക കുറവായി ഈടാക്കി | 2-1 |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | മസ്റ്റർ റോൾ അനുവദിക്കും മുമ്പേയുള്ള ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 18-2-2021 | 1 | 332469700 | 292306000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21-2-2022 | 1 | 332469700 | 292306000 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 3-8-2022 | 31-7-2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40880474.97 |
| വരവ് | 115180128 |
| ആകെ | 156060602.97 |
| ചെലവ് | 107478287 |
| നീക്കിയിരിപ്പ് | 48582315.97 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നഷ്ടമായത് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 17097761 | 16091581 | 1006180 |
| വികസനഫണ്ട്-എസ് സി പി | 10993741 | 10441250 | 552491 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 15772200 | 12996200 | 2776000 |
| മെയിന്റനൻസ്-നോൺറോഡ് | 7285437 | 4871266 | 2414171 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Basic | 4233786 | 3614317 | 619469 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied | 8437434 | 3956497 | 4480937 |

സാംഖ്യ ACR പ്രകാരമുള്ള വരവ്-ചെലവ് തുകകളാണ് ചേർത്തിരിക്കുന്നത്. എന്നാൽ വികസന ഫണ്ട് SCP, റോഡ് സംരക്ഷണ ഗ്രാന്റ്, CFC ഗ്രാന്റ് എന്നീ ഇനങ്ങളിൽ സാംഖ്യ ACR, വാർഷിക കണക്ക് ഇവ തമ്മിൽ ചെലവിൽ വ്യത്യാസം ഉണ്ട്.

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 172 | 117137215 | 147 | 80735171 | 17 | 8 | 85% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 652002 | 652002 | 652002 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 21017151 | 21017151 | 21017151 | 0 |
| | | | 21669153 | | |

31.03.2022-ലെ സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ B4 സ്റ്റേറ്റ്മെന്റ് പ്രകാരം NREGA എന്ന ഹെഡിൽ 655471 രൂപ ബാക്കി നിൽപ്പുണ്ട്. എന്നാൽ പാസ്സ്ബുക്ക് ബാലൻസ് 0 ആണ്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

വാർഷികകണക്കിലെ, ഐ 6 സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലെ ആകെ വരവ് 21017151 രൂപയാണ്. സെമിസ്കിൽഡ്

തൊഴിലാളികളുടെ ശമ്പളം എന്നിവ മേൽപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള ഭരണച്ചെലവ് 644670 രൂപയാണ്.

## 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 12840 | 6 |
| കർഷക തൊഴിലാളി പെൻഷൻ | 9414800 | 6202 |
| വിധവാ പെൻഷൻ | 23786000 | 15226 |
| വാർദ്ധക്യകാല പെൻഷൻ | 46009000 | 30800 |
| വികലാംഗ പെൻഷൻ | 6283200 | 4034 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1417600 | 907 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2022 തീയതിയിൽ 3:20 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,36,659/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിൽ വിവിധ ഖണ്ഡികകളായി ചേർത്തിട്ടുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ വാർഷികകണക്കിനൊപ്പം ഇല്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി സാംഖ്യ പ്രകാരമുള്ള കണക്കുകളും, സഞ്ചയ പ്രകാരമുള്ള കണക്കുകളും തമ്മിൽ യോജിക്കുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3895523 | 3827175 | 52486 | 30318 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3895572 | 3941090 | 0 | *146047 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(153350 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5528554 | 4908500 | 134870 | 499461 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5528544 | 4755830 | 0 | *1000729 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(1050766 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 180648 | 142055 | 38956 |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *196151 | 170048 | **34200 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (169775.........+36183.........= 205958......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (35910.........../105X100)=......., |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2296797 | 284022 | 2012960 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2611750 | 268234 | 2356289 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(1254578.........+.1487760.........= 2742338......../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(2474104.........../105X100)=2356289 .........., (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 സാംഖ്യ വസ്തു നികുതി മുൻകൂർ സഞ്ചയ സോഫ്റ്റ് വെയറിലെ സമാന കണക്കുമായി യോജിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 69032 | 1094137 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 0 | 946766 |

## 1-13 ലൈബ്രറി സെസ്സ് കണക്കുകളിൽ സാംഖ്യ കണക്കിൽ തന്നെ പൊരുത്തക്കേട്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 3714130രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 176863 (3714130/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1048065 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-14 കൈയ്യെഴുത്തായി എഴുതേണ്ട രജിസ്റ്ററുകൾ പൂർത്തിയാക്കാതെ നിൽക്കുന്നു

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ്

അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ

2.ലേല രജിസ്റ്റർ

## 1-15 അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.(വസ്തു നികുതി ഒഴികെ)

തൊഴിൽ നികുതി (ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഓ. രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ താഴെ ചേർത്തിരിക്കുന്നു. വാർഷികകണക്കിലെ സമാന ഇനങ്ങളുമായി ഈ കണക്കുകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|
| തൊഴിൽ നികുതി | 238420 | 238420 | 0 | 0 | 0 |
| ഡി & ഒ | 207040 | 207040 | 0 | 0 | 0 |
| തൊഴിൽ നികുതി ജീവനക്കാർ | 408440 | 408440 | 0 | 0 | 0 |
| വാടക (തൻവർഷം, അരിയർ ഉൾപ്പടെ) | 3147556 | 1776730 | 0 | 0 | 1370826 |

## 1-16 രജിസ്റ്ററുകളിൽ മുൻകൂർ ക്രമപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 404800 |
| 2 | സ്ഥാപന തൊഴിൽ നികുതി | 350410102-Advance Collection Of Revenues-profession Tax | 6850 |

## 1-17 പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

31/3/2022-ലെ അക്യുമുലേറ്റഡ് പ്രൊവിഷൻ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2021-22 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2022-ലെ അക്യുമലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 432100101 – Accumalated Provisions For Outstanding Property Tax | 0 | 15619 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-18 പ്രയർ പിരീഡ് ഇനങ്ങൾക്ക് വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | തുക |
|---|---|
| 280500101-Prior Period Expences -Tax Remissions & Refund Property Tax On Residential Buildings | 105550 |
| 280600101-Prior Period Expences-Remission And Refund -Rent From Building | 7500 |
| 280800101-Prior Period-Establishment Expenses | -77400 |
| 280800701-Prior Period- Miscellaneous Expenses | -409021 |
| 280200201-Prior Period Income Licence Fees | -80810 |

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-20 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ

ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7701841 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 22091616 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-21 ഡിപ്രീസിയേഷൻ വർക്ക് ഷീറ്റ് ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 6544191 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-22 സ്റ്റോക്ക് രജിസ്റ്റർ ആധികാരികമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് ഇല്ല. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4 (എ))

## 1-23 ഡെപ്പോസിറ്റ് രജിസ്റ്റർ 31.03.2022 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/3/2022-ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/2022-ലെ നീക്കിയിരിപ്പ് |
|---|---|---|
| റെന്റ് ഡെപ്പോസിറ്റ് | 1828463 | 1829963 |
| ലൈബ്രറി ഡെപ്പോസിറ്റ് | 16320 | 16630 |
| ഡെപ്പോസിറ്റ് ഫോർ ഹാൾസ് ആന്റ് ഓഡിറ്റോറിയം | 130300 | 128800 |

## 1-24 വർഷാവസാനം ഗ്രാന്റിനത്തിലെ ബാധ്യതകൾ അത് സൂക്ഷിച്ചിരിക്കുന്ന ബാങ്ക് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22-ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/22-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100101 | NREGA | 655471 | 0 | 0 | 0 |
| 2 | 320200111 | Development Fund CFC Grant Tied And Untied | 1947372 | 450620102 | Federal Bank Cfc | 1950425 |
| 3. | 320200112 | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 320300102 | Jalanidhi | 790619 | 450610107 | Canara Bank | 4649569 |
| | | | | 450630101 | Tdcb | |
| 5 | 320700105 | Joint Venture.Dp | 1822518 | 450650109 | Try.Special Tsb.Joint Venture | 323630 |
| 6 | 370200204 | Joint Venture .Bp | | | | |
| 7 | 370200205 | Joint Venture .Dp | | | | |

## 1-25 കൃത്യമായ വിവരങ്ങൾ എഴുതി സൂക്ഷിക്കാത്തതിനാൽ ബാധ്യതയിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല

അപ്രോപ്രിയേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ തുകയുടെ വ്യക്തത കൃത്യമാകാത്ത ബാലൻസ് ഷീറ്റ് 4 പ്രകാരമുള്ള ബാധ്യത ശീർഷകങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
|---|---|---|---|
| 1 | 320100115 | Tsc | 3661558 |
| 2 | 320200307 | Grant For Specific Purposes | 52341 |
| 3 | 320200322 | Grants From Suchithwa Mission | 625000 |
| 4 | 320200324 | Epidemic Controll | 52850 |
| 5 | 320300103 | Tsc | 1270000 |
| 6 | 320800101 | BC | 1224450 |

## 1-26 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരം താഴെ ചേർക്കുന്ന ശീർഷകങ്ങളിലെ തുകകളുടെ കൃത്യത ബന്ധപ്പെട്ട രജിസ്റ്ററുകളുടെ അഭാവത്തിൽ ഉറപ്പ് വരുത്താനായിട്ടില്ല.

| ശീർഷകം | ഇനം | തുക |
|---|---|---|
| 460100102 | Advance To Implementing Agencies - Deposit With KSEB | 4502551 |
| 460500501 | Advance To Implementing Officers | 1006069 |
| 460509901 | Advance To Others | 1046847 |

## 1-27 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

| ക്രമ നം. | ബാങ്ക് | റീകൺസീലിയേഷൻ തയ്യാറാക്കാത്ത മാസങ്ങൾ |
|---|---|---|

| | | |
|---|---|---|
| | | |
| 1 | Swach Barath Mission Gramin | 31/03/2022 |

## 1-28 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque” എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| TDCB/8461 | 29-04-20 | 2570 |
| SBT/LIBRARY/24086 | 12-06-2019 | 24086 |

## 1-29 ക്രെഡിറ്റ് ചെയ്യപ്പെടാത്ത ചെക്കുകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം താഴെ ചേർക്കും പ്രകാരം രൂപ “Cheques Deposited But Not Credited” ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് വർഷങ്ങളായിട്ടും ക്യാഷ് ചെയ്യാത്ത താഴെ ചേർത്തിരിക്കുന്ന ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| TDCB/688999 | 26-02-2018 | 6250 |
| TDCB/016356 | 31-03-2017 | 40000 |

## 1-30 തൊഴിലുറപ്പ് ക്യാഷ് ബുക്കു പ്രകാരമുള്ള ആകെ ചെലവും വാർഷികകണക്കിലെ ഇതേയിനത്തിലെ ആകെ ചെലവും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിലെ ആകെ തൊഴിലുറപ്പ് വരവ് 21017151 (വാർഷികകണക്കിലെ ഷെഡ്യൂൾ I6) ആണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരം ഹാജരാക്കപ്പെട്ട കണക്ക് 26150958 രൂപയാണ്. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരം ആകെ വരവും ചെലവും താഴെ ചേർക്കുന്നതാണ്.

| | |
|---|---|
| അവിദഗ്ധ തൊഴിലാളികളുടെ ശമ്പളം | 20938390 |
| മെറ്റീരിയൽ | 3185931 |
| വിദഗ്ധ തൊഴിലാളി, അർദ്ധവിദഗ്ധ തൊഴിലാളി കൂലി | 1295869 |
| ഭരണച്ചെലവുകൾ | 644670 |
| ബാങ്ക് പലിശ | 7337 |

| | |
|---|---|
| ആകെ | 26150958 |

## 1-31 മാള പ്രസ് ക്ലബിന് കെട്ടിടം വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

മാള ഗ്രാമപഞ്ചായത്തിൽ പതിനഞ്ചാം വാർഡിൽ നിർമ്മിച്ചിട്ടുള്ള വില്ലേജ് ഹട്ട് കെട്ടിടത്തിലെ (XV/155E, 155F) ഒന്നാം നിലയിലെ ഹാളും, ഒരു മുറിയും മാള പ്രസ് ക്ലബിന് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മാള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 01.02.2019-ൽ നടന്ന സാധാരണ യോഗത്തിലെ 7(2) നമ്പർ തീരുമാന പ്രകാരം വില്ലേജ് ഹട്ടിന്റെ ഒന്നാം നിലയിലുള്ള ഹാളും, ഒരു മുറിയും പ്രസ് ക്ലബിന് വാടകയ്ക്ക് നൽകുന്നതിന്റെ അനുമതിയ്ക്കായി കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും എന്ന് മുതലാണ് പ്രസ് ക്ലബിന് ടി കെട്ടിടം വാടകയ്ക്ക് നൽകിയത് എന്ന് വ്യക്തമല്ല.

2. പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങൾ/റൂമുകൾ ലേലം, ടെണ്ടർ നടപടികളിലൂടെയാണ് വ്യക്തികൾക്ക്/കൂട്ടായ്മകൾക്ക് വാടകയ്ക്ക് നൽകുക. എന്നാൽ പ്രസ് ക്ലബിന് ഈ നടപടിക്രമങ്ങൾ പാലിച്ചാണോ എന്ന് വ്യക്തമല്ല. ആയതുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

3. പഞ്ചായത്തിന്റെ അധീനതയിലുള്ള ഒരു കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാരനുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം ആയതിന് നിയമസാധുത ഇല്ലാതെയാകുന്നതാണ്. എന്നാൽ പ്രസ് ക്ലബിന് കെട്ടിടം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് കരാർ ഉടമ്പടി ഒപ്പ് വെച്ചതിന്റെ രേഖകളൊന്നും തന്നെ ലഭ്യമല്ലായിരുന്നു.

4. എൽ.എസ്.ജി.ഡി സെക്ഷൻ അസി. എഞ്ചിനീയറുടെ 09.05.2019 ലെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം പ്രതിമാസ വാടക 9100 രൂപയും, വാടക തുകയുടെ 18% GST യും കൂടാതെ 6 മാസത്തെ വാടക മുൻകൂറായി അടവാക്കണമെന്ന് മാള പഞ്ചായത്ത് സെക്രട്ടറി പ്രസ് ക്ലബ് സെക്രട്ടറിയ്ക്ക് 09.05.2019-ലെ നം.സി-990/19 നമ്പർ കത്ത് പ്രകാരം പ്രസ് ക്ലബ് പ്രസിഡന്റിനെ അറിയിച്ചതായി കാണുന്നുണ്ടെങ്കിലും പ്രസ് ക്ലബ് നാളിതു വരെയായി തുകയൊന്നും തന്നെ അടവാക്കിയിട്ടില്ല. മാള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.06.2019-ലെ 13(1) നമ്പർ തീരുമാനപ്രകാരം പ്രതിമാസ വാടകയായി നിശ്ചയിച്ച 9100/- രൂപ പ്രതിമാസം 1000/- രൂപയായി ഇളവ് ചെയ്ത് നൽകിയെങ്കിലും പ്രസ്തുത തുക പോലും പ്രസ് ക്ലബ് അടവാക്കിയിട്ടില്ല. ഇപ്രകാരം തുക അടവാക്കാതെയിരുന്നിട്ടും ഭീമമായ വാടക കുടിശ്ശിക വരുത്തിയിട്ടും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കാനോ, ലേലം നടത്തി മറ്റൊരു സ്ഥാപനത്തിന് കെട്ടിടം വാടകയ്ക്ക് നൽകാനോ പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

5. മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാള പ്രസ് ക്ലബ് പ്രസിഡന്റിന് അയച്ച 19.03.2022-ലെ നം.സി-23/2018 പ്രകാരം വാടകയിനത്തിൽ ആകെ 2,71,163/- രൂപ അടവാക്കാനുണ്ടെന്നും, ആയത് 7 ദിവസത്തിനകം പഞ്ചായത്തിൽ അടയ്ക്കാത്തപക്ഷം റവന്യ റിക്കവറി/നിയമനടപടി സ്വീകരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക പ്രസ് ക്ലബ് അടവാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.32/21-22, തീയതി 17.11.2022) പഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ മാള ഗ്രാമപഞ്ചായത്തിൽ പതിനഞ്ചാം വാർഡിൽ നിർമ്മിച്ചിട്ടുള്ള വില്ലേജ് ഹട്ട് കെട്ടിടത്തിലെ (XV/155E, 155F) ഒന്നാം നിലയിലെ ഹാളും, ഒരു മുറിയും മാള പ്രസ് ക്ലബിന് വാടകയ്ക്ക് നൽകിയത് ലേല/ടെണ്ടർ നടപടികളിലൂടെയല്ലെന്നും, പ്രസ്തുത സ്ഥാപനവുമായി കരാർ ഉടമ്പടി ചമച്ചിട്ടില്ലെന്നും വ്യക്തമാണ്. ഇപ്രകാരം കരാർ ചമയ്ക്കാതിരുന്നതിലൂടെ വാടകക്കാരനെതിരെ നടപടി സ്വീകരിക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. വാടകയ്ക്ക് നൽകി ആദ്യ കാലയളവിൽത്തന്നെ വാടക അടയ്ക്കാൻ തയ്യാറാകാത്ത സ്ഥാപനത്തെ മൂന്ന് വർഷത്തോളമായി പ്രസ്തുത കെട്ടിടത്തിൽ തുടരാൻ അനുവദിച്ചത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ഗുരുതര വീഴ്ചയായി കണക്കാക്കാവുന്നതാണ്. വാടകയിനത്തിൽ ഭീമമായ കുടിശ്ശിക വരുത്തിയ പ്രസ് ക്ലബ്, മാളയ്ക്കെതിരെ റവന്യ റിക്കവറി നടപടികൾ സ്വീകരിക്കും എന്ന് മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാള പ്രസ് ക്ലബ് പ്രസിഡന്റിന് അയച്ച 19.03.2022 ലെ നം.സി-23/2018 കത്തിൽ പറഞ്ഞതല്ലാതെ നടപടി സ്വീകരിച്ചതായി കാണുന്നില്ല. റവന്യ റിക്കവറി നടപടി സ്വീകരിച്ചാൽപോലും സർക്കാർ അംഗീകൃത ബൈലോയുടെ അഭാവവും, വാടകക്കാരനുമായി ഏർപ്പെടേണ്ട കരാർ ഉടമ്പടി ചമയ്ക്കാതിരുന്നതും വാടകക്കാരനെതിരെ സ്വീകരിക്കുന്ന നടപടിയുടെ നിയമസാധുതയെ ബാധിക്കാൻ സാധ്യതയുണ്ട്. എന്നിരുന്നാലും പ്രസ്തുത തുക റവന്യ റിക്കവറി നടപടികൾ സ്വീകരിച്ച് അടിയന്തിരമായി

ഈടാക്കേണ്ടതാണ്. റവന്യൂ റിക്കവറി നടപടികളിലൂടെ നഷ്ടതുകയായ 2,71,163/- രൂപ ഈടാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ ഈ തുക പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-32 ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ FTEAOS ലൈസൻസ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കാത്തതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മെഷിനറി യൂണിറ്റ്(HP) | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|
| 1. | Wood Furns | 14 HP | 200 |
| 2. | ജെ.ജെ സിമന്റ് ബ്രിക്സ്, വലിയപറമ്പ് | 4.5 HP | 50 |
| 3. | അൽ അവീൻ ഫ്ളവർമിൽ(XIV/83 | 10.5 HP | 200/ |
| 4. | സെന്റ്.ആന്റണീസ് വെൽഡിംഗ് വർക്ക്ഷോപ്പ് | 9.5 HP | 100 |
| 5. | പുന്നയ്ക്കപ്പറമ്പിൽ വുഡ് ഇൻഡസ്ട്രീസ് | 14 HP | 200 |
| 6. | റോക്ക്ലാൻഡ് | 42.5 HP | 500 |
| 7. | പെർഫെക്റ്റ് എഞ്ചിനീയറിംഗ്സ് | 4 HP | 50 |
| 8. | CRYS(a)car Spa | 10 HP | 100 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 16.11.2012-ലെ നം.21/21-22 ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഒരു സ്ഥാപനം ലൈസൻസ് എടുക്കുമ്പോൾ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളുടെ പവറിന് അനുസൃതമായ ചട്ടപ്രകാരമുള്ള തുക സ്ഥാപനത്തിൽ നിന്നും ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 റേഷൻ കട, കള്ള് ഷാപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ മുതലായവയുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കട, ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ, ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പരാമർശിച്ച സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. ആയതിനാൽ മാള ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണം എന്നാവശ്യപ്പെട്ട് നൽകിയ 15.11.2022 ലെ നം.15/2022 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയെകൊണ്ട് അടിയന്തിരമായി ലൈസൻസ് എടുപ്പിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-34 മൽസ്യ വിപണന കടകൾ,മാംസ വിപണന കടകൾ എന്നിവയുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 45 പ്രകാരം മൽസ്യ സംഭരണ/വിപണന കടകൾ, ക്രമ നം. 130 പ്രകാരം കോഴി, പന്നി, ആട് സംഭരണ/വിപണന കടകൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പരാമർശിച്ച സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. ആയതിനാൽ മാള ഗ്രാമപഞ്ചായത്തിൽ ആകെ എത്ര മൽസ്യ സംഭരണ/വിപണന കടകൾ, കോഴി, പന്നി, ആട് സംഭരണ/വിപണന കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.17/21-22 തീയതി.15.112022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ മൽസ്യ വിപണന സ്ഥാപനങ്ങൾ, മാംസ വിപണന സ്ഥാപനങ്ങൾ (കോഴി, പന്നി, ആട്) എന്നിവയുടെ ആകെ എണ്ണം തിട്ടപ്പെടുത്തി ആയവയെകൊണ്ട് ലൈസൻസ് എടുപ്പിച്ച് പ്രസ്തുത വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-35 കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാളയിൽ നിന്നും ലൈസൻസ് ഫീ തുക കുറവായി ഈടാക്കി

2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്ററും, സ്ഥപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാള യൂണിറ്റ്(XVI/64,65,66) സമർപ്പിച്ച അപേക്ഷയിൽ മൂലധനം 1.80 കോടി രൂപ എന്ന് രേഖപ്പെടുത്തിയതിനനുസൃതമായി ലൈസൻസ് ഫീസ് ആയി 5000/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 02.05.2019 ലെ നം. PCB/DO/TSR/R4/ICO/8880/2019 നമ്പർ കൺസന്റ് പ്രകാരം സ്ഥാപനത്തിന്റെ മൂലധനം 509.78 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 5.09 കോടി രൂപയാണെന്ന് അനുമാനിക്കാവുന്നതാണ്. ഉല്പാദന മേഖലയിൽ 5 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 10000 രൂപ വരെ ലൈസൻസ് ഫീ ഈടാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാള യൂണിറ്റിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ 10000 രൂപ ഈടാക്കാതെ 5000 രൂപ ഈടാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15.11.2022-ലെ നം.18/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിലെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 5000/- രൂപ കൂടി ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-36 വാടക കരാർ ചമയ്ക്കാതെ റൂമുകൾ വാടകയ്ക്ക് നൽകി

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട വാടക രജിസ്റ്ററും, വാടകയ്ക്ക് എടുത്തവരുമായി ഏർപ്പെട്ട കരാർ ഉടമ്പടികളും പരിശോധിച്ചപ്പോൾ ചുവടെ പറയുന്നവരുമായി ഉടമ്പടിയിലേർപ്പെട്ടതിന്റെ കരാർ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാറുകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കരാറിലേർപ്പെടാത്തപക്ഷം ആയതിനുള്ള കാരണം ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 19/21-22, തീയതി.16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പട്ടികയിൽ പരാമർശിച്ചിരിക്കുന്ന റൂമുകൾ വാടകയ്ക്ക് എടുത്തവരുമായി കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഇപ്രകാരം കരാർ ചമയ്ക്കാതെ നൽകിയ റൂമുകളിലെ വാടകക്കാരനെതിരെ ഏതെങ്കിലും സാഹചര്യത്തിൽ നടപടികളെടുക്കുമ്പോൾ ആയതിന്റെ നിയമസാധുത പോലും ചോദ്യം ചെയ്യപ്പെടുന്നതായിരിക്കും. ആയതിനാൽ മുറികൾ വാടകയ്ക്ക് നൽകുമ്പോൾ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

| ക്രമ നം. | വാടകക്കാരൻ | കെട്ടിട നമ്പർ |
|---|---|---|
| 1. | കെ. ആർ ജോസഫ് | XV/649 |
| 2. | സന്ധ്യ & അമ്പിളി | XII/418 |
| 3. | മേഴ്സൺ | XV/178 |
| 4. | | XV/179 |
| 5. | | XV/182-187 |
| 6. | | XV/176 |
| 7. | | XV/173 |
| 8. | ഹരിദാസ് | XV/180 |
| 9. | | XV/181 |

| | | |
|---|---|---|
| 10. | | XV/171 |
| 11. | രേഖ | XV/154 |
| 12. | നിർമ്മലചന്ദ്രൻ | XV/155 |
| 13. | ഗിരിജാകൃഷ്ണൻ | XV/156 |
| 14. | ഹയറാബി | XV/157 |
| 15. | സുനിത | XV/158 |
| 16 | സ്മൃതി | XV/159 |
| 17. | FFC | XV/160 |

## 1-37 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ രജിസ്ട്രേഷനില്ലാതെയും, ലൈസൻസില്ലാതെയും പ്രവർത്തിക്കുന്നു

I. രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ/സ്വകാര്യ ആശുപത്രികൾ

2021-22 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം 1994 ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല എന്നിരിക്കെ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.20/21-22 തീയതി.16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഈ സ്ഥാപനങ്ങളെകൊണ്ട് രജിസ്ട്രേഷൻ ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്ന കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994-ലെ വകുപ്പ് 270 (എ) പ്രകാരവും പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

1. S.N നഴ്സിംഗ് ഹോം - XVII/1038A
2. നീതി ലാബ്, അഷ്ടമിച്ചിറ - VI/298 B2
3. St.Joseph Hospital - IV/67 മുതൽ 76 വരെ
4. ഭീഷ്മ ഡെന്റൽ ക്ലിനിക്ക് - XX/452
5. സൂര്യ അക്യുപ്രഷർ ചികിത്സ - XV/203
6. T32 മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് - VI/300
7. My Dentist Dental Clinic - XV/533

II. ലൈസൻസില്ലാതെയും, രജിസ്ട്രേഷൻ ഇല്ലാതെയും പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ

കേരള പഞ്ചായത്ത് രാജ് നിയമം 1994-ലെ വകുപ്പ് 270 ൽ (1) പ്രകാരം ഗ്രാമപഞ്ചായത്തിൽ മുൻകൂറായി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കാൻ പാടുള്ളതല്ല കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.142 & 143 പ്രകാരം യഥാക്രമം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. ഗൂഗിളിൽ സെർച്ച് ചെയ്തതിൽ നിന്നും താഴെപ്പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ മാള ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ആയവ 2021-22 ലെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ എന്നിവയുടെ രജിസ്ട്രേഷൻ രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ രജിസ്ട്രേഷൻ എടുക്കാത്തതായും, ലൈസൻസ് രജിസ്റ്റർ

പ്രകാരം ലൈസൻസ് എടുത്തതായും കാണുന്നില്ല. ആയതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(ഓഡിറ്റ് അന്വേഷണം നം.22/21-22 തീയതി.16.11.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മുൻകൂറായി രജിസ്റ്റർ ചെയ്യാതെയോ അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനുശേഷം പഞ്ചായത്ത് പരിധിയിൽ പാരാമെഡിക്കൽ സ്ഥാപനം/സ്വകാര്യ ആശുപത്രി പ്രവർത്തിപ്പിക്കുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ കേരള പഞ്ചായത്ത് രാജ് നിയമം 1994-ലെ വകുപ്പ് 270 (എ) പ്രകാരവും, പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും,പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ 1997 ലെ ചട്ടം 8 പ്രകാരവും അയ്യായിരം രൂപവരെ ആകാവുന്ന പിഴശിക്ഷയും, കുറ്റംതുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

1.ഡോ.ലീബാസ് ഹോമിയോപ്പതിക്ക് ക്ലിനിക്ക്, അഷ്ടമിച്ചിറ
2.ഷുക്കൂർസ് ക്ലിനിക്ക് - അഷ്ടമിച്ചിറ
3. Tomstina Clinical Laboratory - മാള
4. S.N മെഡിക്കൽ സെന്റർ - മാള
5. നീതി ക്ലിനിക്ക്, അഷ്ടമിച്ചിറ
6. ടോപ്മോസ്റ്റ് ഡെന്റൽ കെയർ - മാള
7. വെൽകെയർ ഫിസിയോതെറാപ്പി സെന്റർ - മാള
8. ഡോ.സോണിയാസ് സ്കാൻ സെന്റർ - മാള
9. Medall Healthcare Pvt.Ltd - മാള
10. Ideal Homoeopathic Centre - മാള
11. തോംസൺ മെഡിക്കൽ സെന്റർ - മാള
12. ആയുഷ് ആയുർവേദ ക്ലിനിക്ക് ആൻഡ് ഫാർമസി, കോട്ടമുറി
13. നേത്ര ഐ-കെയർ സെന്റർ - മാള
14. കമാലിയ മെഡിക്കൽ സെന്റർ - മാള
15. ഡോ.സാം വർഗ്ഗീസ് ക്ലിനിക്ക് - മാള
16. മൈ സ്മൈൽ ഡെന്റൽ ക്ലിനിക്ക് - മാള
17. KVM ഹോമിയോപ്പതിക്ക് സെന്റർ- മലപള്ളിപ്പുറം
18. ഡോ.താഹാസ് റൂട്ട് കനാൽ സെന്റർ & മൾട്ടി സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക് - മാള
19. പാറക്കൽ ഡെന്റൽ ക്ലിനിക്ക് - മാള
20. AB's ഡെന്റൽ & കോസ്മെറ്റിക് ക്ലിനിക്ക് - മാള
21. ഡി-കെയർ ഡെന്റൽ ക്ലിനിക്ക് -അഷ്ടമിച്ചിറ
22. PEOPLE'S ലാബ്- മാള
23. GMH ലാബ് ആൻഡ് ഡയഗ്നോസ്റ്റിക്സ് – മാള
24. പ്രഭാകർ ക്ലിനിക്കൽ ലബോറട്ടറി – അഷ്ടമിച്ചിറ

## 1-38 വാടക ബൈലോ - അംഗീകാരം നേടേണ്ടതാണ്

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. 2021-22 സാമ്പത്തിക വർഷത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ബൈലോയ്ക്ക് നാളിതുവരെയായി അംഗീകാരം നേടിയിട്ടില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

## 1-39 അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്ററിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ ഉൾപ്പെടുത്തി

അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്ററിൽ (സഞ്ചയയിലെ) ചേർത്തിട്ടുള്ള 6/9/UA,16/16/392UA,16/392/02/UA,16/472/UA എന്നീ കെട്ടിടങ്ങൾ സഞ്ചയയിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. ഈ വിഷയത്തിൽ സ്ഥലപരിശോധന നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

### 1-40 AIR(WATER) അപ്പലേറ്റ് അതോറിറ്റി, ട്രാഫിക് റെഗുലേറ്ററി അതോറിറ്റി എന്നിവയുടെ അനുമതി ഇല്ലാതെ കെട്ടിട നമ്പർ, ലൈസൻസ് അനുവദിച്ചു

ഫയൽ നമ്പർ-എഫ്-5667/18.9.21

ടോമി & സ്റ്റെല്ല ടോമി മാളിയേക്കൽ, കുരുവിലശ്ശേരി, സർവ്വെ നമ്പർ -386/1-2 എന്ന വ്യക്തികളുടെ പേരിലുള്ള പെട്രോൾ പമ്പിന് നിയമങ്ങൾ പാലിക്കാതെ പെർമ്മിറ്റ് അനുവദിച്ചത് 20-21 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-30-ൽ ഉൾപ്പെടുത്തിയിരുന്നു. 2021-22-ൽ 10/175 എ നമ്പർ ആയി പ്രസ്തുത പെട്രോൾ പമ്പിന് കെട്ടിട നമ്പറും ഒക്യുപൻസിയും അനുവദിച്ചു. 22-23-ൽ1/1868-383/22-23 ആയി ലൈസൻസും അനുവദിച്ചു.

AIR(WATER) അപ്പലേറ്റ് അതോറിറ്റിയിൽ ടി കെട്ടിടത്തിന് പെർമ്മിറ്റ് അനുവദിച്ചതിനെതിരെ 13/21 ആയി പെറ്റീഷൻ നിലനിൽക്കുന്നതും ആയത് നാളിതുവരെ തീർപ്പ് കൽപ്പിക്കാത്തതുമാണ്.

ട്രാഫിക് റെഗുലേറ്ററിയുടെ അനുമതി കൂടാതെ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകരുതെന്ന് ജില്ലാ ടൗൺ പ്ളാനറുടെ ലേ ഔട്ട് അപ്രൂവലിൽ നിർദ്ദേശിച്ചിരുന്നതാണ്.

മേൽ അനുമതികൾ നേടാതെ കെട്ടിട നമ്പറും, തുടർന്ന് ലൈസൻസും അനുവദിച്ചത് ശരിയായ നടപടി അല്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (38/18.11.22) ട്രാഫിക് റെഗുലേറ്ററി നാളിതുവരെ പുന സംഘടിപ്പിച്ചിട്ടില്ല എന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉണ്ടെന്നുമാണ് അറിയിച്ചത്. AIR(WATER) അപ്പലേറ്റ് അതോറിറ്റിയിൽ നൽകിയ പെറ്റീഷനിൽ മലിനീകരണ നിയന്ത്രണ ബോർഡ്" Respondent" ആണെന്നിരിക്കെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ നമ്പർ നൽകിയത് ശരിയല്ല. മറുപടി അംഗീകരിക്കാവുന്നതല്ല. നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ പ്രവർത്തിക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-41 നമ്പർ ലഭിച്ച ശേഷം കെട്ടിത്തിന്റെ സെറ്റ് ബാക്ക്,പാർക്കിങ്ങ് ഏരിയ എന്നിവ കെട്ടിടത്തിന്റെ ഭാഗമായി ചേർത്തു.

2021-22-ൽ പുതിയ നമ്പർ നൽകിയ (15/772എ മുതൽഎ3 വരെ, ബി1 മുതൽ ബി4 വരെ, സി1 മുതൽ സി5 വരെ) കെട്ടിടം നിലവിൽ സൂപ്പർമാർക്കറ്റ് ആയി ഉപയോഗപ്പെടുത്തുന്നതാണ്. പ്രസ്തുത കെട്ടിടത്തിൽ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എഞ്ചിനീയർ, ഓവർസിയർ, വാർഡ് ക്ലർക്ക് എന്നിവരുടെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ (18.11.22 ൽ 3.45 Pm ന്) കെട്ടിത്തിന്റെ സെറ്റ് ബാക്ക്, പാർക്കിങ്ങ് ഏരിയ എന്നിവ കെട്ടിടത്തിന്റെ ഭാഗമാക്കി അടച്ചുകെട്ടിയതായി കണ്ടു. ആയത് മേൽ സൂചിത ജീവനക്കാർക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതും സ്ഥലപരിശോധന റിപ്പോർട്ട് സെക്രട്ടറിക്ക് നൽകുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയത്തിൽ എൽ.എസ്.ജി.ഡി വിഭാഗം എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതും (A1/AE/LSGD/MALA തീ6.7.22-ലെ കത്ത്) ആയതിന്മേൽ നാളിതുവരെ നടപടി ഒന്നും സ്വീകരിക്കാത്തതുമാണ്. (ഓഡിറ്റ് എൻക്വയറി -40/18.11.22). നിയമപ്രകാരം പണി തീർത്ത കെട്ടിടത്തിന്മേൽ നടത്തിയ അനധികൃത നിർമ്മാണങ്ങളിന്മേൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-42 അനധികൃത നിർമ്മാണങ്ങൾ തുടർ നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം എഞ്ചിനീയറുടെ A1/AE/LSGD/MALA തീ6.7.22-ലെ കത്തിൽ പഞ്ചായത്ത് പരിധിയിലെ 3 അനധികൃത നിർമ്മാണങ്ങൾ സെക്രട്ടറിയെ അറിയിക്കുകയും ആയതിന്മേൽ നാളിതുവരെ പഞ്ചായത്ത് യാതൊരു വിധ നടപടിയും സ്വീകരിക്കാത്തതും ആണ്. (ഓഡിറ്റ് എൻക്വയറി-40/18.11.22). ആയതിൽ ഒരു സ്ഥാപനത്തിന്റെ അനധികൃത നിർമ്മാണം സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിന്റെ 41-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാള സി.എച്ച്.സി-ക്ക് സമീപമുള്ള കെട്ടിട്ടത്തിന്റ മുൻ ഭാഗത്ത് നടത്തിയ ട്രസ് വർക്ക്, മാള അഷ്ടമിച്ചിറ റോഡിലെ അടഞ്ഞു കിടക്കുന്ന ബാർ ഹോട്ടൽ കോംപൗണ്ടിൽ നടക്കുന്ന അനധികൃത നിർമ്മാണം എന്നിവ ചട്ട പ്രകാരം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-43 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രോജക്ട് നം./പേര് | നൽകിയ തുക | വൗച്ചർ നം./തിയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 11/22 വിവിധ | 35872 | 2210027,dt.22.6.21 | കെ.എസ്.ഇ.ബി, മാള |

| | | | |
|---|---|---|---|
| വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 34178<br>138208 | 22100334,dt.26.7.21<br>22100813,dt.17/12/21 | കെ.എസ്.ഇ.ബി,മാള<br>കെ.എസ്.ഇ.ബി,അന്നമനട |
| 5/22 എ.ബി.സി പ്രോഗ്രാം | 210000 | 22100522,dt.20.9.21 | കുടുംബശ്രീ മിഷൻ കോ ഓർഡിനേറ്റർ |
| 117/22 മാള ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1748324<br>174463<br>1588579 | 22101074,dt.7.2.22<br>22101244,dt.26.3.22<br>22101182,dt.14.3.22 | കെ.എസ്.ഇ.ബി, മാള<br>കെ എസ് ഇ ബി, മാള<br>കെ എസ് ഇ ബി, മാള<br>കുഴൂർ 482705<br>മാള 817776<br>അന്നമനട 169744 |

## 1-44 കരാർ ചമക്കുന്നതിലെ അപാകതകൾ

2012-ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾ ഉൾപെടുത്തിക്കൊണ്ടുള്ള മാതൃകയിലല്ല അസി. എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിട്ടുള്ള പ്രൊജക്ടുകളിലെ കരാറുകൾ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡിറ്റയിൽ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാറുകൾ ചമച്ചുവരുന്നത്.

2012-ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-45 പ്രൈസ് സോഫ്റ്റ് വെയറിലെ അപാകത

7/5/19-ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്)74/19 നമ്പർ ഉത്തരവിൽ5%ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്റ്ററുടെ ലാഭം കൂടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-46 പഞ്ചായത്തിന് ലഭിച്ച സംശുദ്ധ സേവനത്തിന് ജി.എസ്.റ്റി. അടവാക്കി

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("(Pure Services (Excluding Works Contract Service OrAA Other Composite Supplies Involving Supply Of Any Goods ) Provided To The Central Government, State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution"). ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ, എംബുക്ക് എന്നിവ പരിശോധിച്ചതിൽ അറപ്പത്തോടുകളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവർത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ലിൽ നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| പ്രൊജക്റ്റ് നം. പ്രവൃത്തി, അടങ്കൽ, ഫണ്ട്, | എം.ബി | പ്രവൃത്തിമൂല്യം | ജി.എസ്.റ്റി | ജി.എസ്.റ്റി ഉൾപെടെ പ്രവൃത്തിമൂല്യം | വൗച്ചർ നം. | തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കരാറുകാരൻ | | | | | | |
| 75/22, മാളച്ചാൽ നവീകരണം, 628000/- രൂപ, വികസനഫണ്ട് ജനറൽ, 572000/- രൂപ തനതുഫണ്ട്, ആകെ 1200000/- രൂപ | 51/21-22 | 546700.80 | 27335.04 | 574035.84 | 22101327/27/3/22 | 574036/- |

മേൽ പ്രകാരം 27335 രൂപ കേന്ദ്ര-സംസ്ഥാനസർക്കാരുകളിലേക്ക് അടവാക്കേണ്ടിവന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം തെറ്റായി അടവാക്കേണ്ടി വന്നിട്ടുള്ളത്.

ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 34/18/11/22)

## 1-47 വളം സബ്സിഡി രസീതുകളിൽ ഗുണഭോക്താവിന്റെ പേര് ചേർത്തിട്ടില്ല

മാള ഗ്രാമ പഞ്ചായത്തിൽ നടന്ന വളം സബ്സിഡി നൽകുന്ന വിവിധ പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ നൽകുന്ന കമ്പ്യൂട്ടർ രസീതികളിൽ ഗുണഭോക്താക്കളുടെ പേര് ചേർക്കുന്നില്ല എന്നു കാണുന്നു. ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി. 30/17-11-2022

## 1-48 മെറ്റീരിയൽ റിക്കവറി സെന്റർ നിർമാണം- തീരദേശനിയന്ത്രിതമേഖലാപരിപാലനസമിതിയിൽ നിന്നും അനുവാദം വാങ്ങാതെയുള്ള നിർമാണം

ഗ്രാമപഞ്ചായത്തിലെ വടമ വില്ലേജിലെ 556 സർവെ നമ്പറിലുൾപെട്ട സ്ഥലം CRZ പരിധിയിൽ ഉൾപെട്ട പ്രദേശമാണെന്ന് 25/16/11/22 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മാളച്ചാലിന് സമീപം ആയതിനാൽ ഇത് CRZ കാറ്റഗറി IIII വിഭാഗത്തിൽ പെടുന്നതാകയാൽ ഇത് 2019 ലെ കോസ്റ്റൽ റെഗുലേഷൻ സോൺ നോട്ടിഫിക്കേഷനിലെ ഖണ്ഡിക 5.3 അനുസരിച്ച് ഇത് നോൺ ഡെവലപ്പ്മെന്റ് ഏരിയ ആയതിനാൽ ഇവിടെ 50 മീറ്റർപരിധിയിൽ നിർമാണപ്രവർത്തനങ്ങൾ പാടുള്ളതല്ല. അനിവാര്യമായ നിരമാണപ്രവർത്തനങ്ങൾ നടത്തുന്നതിന് മുമ്പേ തീരദേശനിയന്ത്രിതമേഖലാ പരിപാലനസമിതിയുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.
മേൽപറഞ്ഞ സർവെ നമ്പറിൽപെട്ട സ്ഥലത്ത് 2004 ൽ നിർമിച്ച കെട്ടിടത്തോടനുബന്ധിച്ചുള്ള റാമ്പ് , ഇൻസിനറേറ്റർ എന്നിവ പൊളിച്ചുമാറ്റി മെറ്റീരിയൽ റിക്കവറി സെന്ററിനു വേണ്ടുന്നതായ ഓഫീസ്, സ്റ്റോർ റൂം, ടോയ്ലെറ്റ് എന്നിവ നിർമിക്കുന്നതിന് വേണ്ടിയാണ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 180/22 |
| അടങ്കൽ | 682800/CFC ഗ്രാന്റ് 500000/ബ്ലോക്ക് വിഹിതം 1182000/ആകെ |
| കരാറുകാരൻ | കെ. എ. സത്താർ |
| കരാർ | 47/AE/LSGD/MALA/21-22 /11/3/22 |
| അളവുപുസ്തകം | 75/21-22 |
| പ്രവൃത്തിമൂല്യം | 109141.91 |

| | |
|---|---|
| ജി.എസ്. റ്റി<br>ആകെ | 13096.47<br>122238.38 |
| വിഹിതങ്ങൾ കുറച്ച് കരാറുകാരന് നൽകിയ തുക | 114556/ |
| വൗച്ചർ നം. | 21101374/303/22 |

തീരദേശനിയന്ത്രിതമേഖലയിലെ നിർമാണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കാതെ നിർമാണം തുടങ്ങി എന്നാരോപിച്ച് ശ്രീ. ടി. എ. അനിൽകുമാർ എന്നവർ ബഹു. ചാലക്കുടി മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത OS 212/22 എന്ന പരാതി നൽകിയതിനെ തുടർന്ന് കോടതി ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷൻ 21/3/22 4.45 Pm ന് നിർമാണസ്ഥലത്തെത്തി വസ്തുതകൾ പരിശോധിച്ച് റിപ്പോർട്ട് നൽകി.

ഈ റിപ്പോർട്ടിൽ നിലവിലുണ്ടായിരുന്നകെട്ടിടത്തോട് ചേർന്ന മൂന്ന് വശങ്ങളിൽ ഫൗണ്ടേഷൻ പ്രവൃത്തി,വടക്കുവശത്തായി ആറു ഇരുമ്പ് തൂണുകൾ സ്ഥാപിച്ചതായും ഫൗണ്ടഷന് പുറത്തായി ചെറിയൊരു ടിപ്പർ ലോറിയിൽ കൊള്ളാവുന്നഎം. സാന്റ്, രണ്ടു തരം മെറ്റൽ ഫൗണ്ടേഷന്റെ ഉൾഭാഗത്ത് സിമന്റ്കട്ടകൾ എന്നിവ സംഭരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. നിർമാണം നടത്തിയിട്ടുള്ളത് പുഴയിൽന്ന്, അതായത് മാളച്ചാലിൽനിന്ന് 7.6 മീറ്റർ അകലത്തിലാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഫൗണ്ടേഷനിൽ മണ്ണ് ഫില്ലിങ്, കോൺക്രീറ്റിങ് എന്നീ പ്രവൃത്തികൾ നടത്തിയെന്നോ, ഇല്ല എന്നോ റിപ്പോർട്ടിൽ വ്യക്തമായി പ്രതിപാദിച്ചിട്ടില്ല. ഈ പ്രവൃത്തികൾ നടത്താതെ അളവുപുസ്തകത്തിൽ തെറ്റായി അളവുകൾ രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചു എന്ന് പരാതിക്കാരൻ ആരോപിച്ചിട്ടുണ്ട്. ട്രസ്സ് വർക്ക് നടത്തിയതിന് തുക നൽകിയതായും ഇദ്ദേഹം ആരോപിച്ചു. പക്ഷേ ട്രസ്സ് വർക്ക നിർമാണവുമായി ബന്ധപ്പെട്ട് ആറ് തൂണുകൾ സ്ഥാപിച്ചതിന് മാത്രമേ തുക നല്കിയിട്ടുള്ളൂവെന്ന് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരാതിയെത്തുടർന്ന് 21/3/22 ന് തന്നെ പ്രവൃത്തി നിർത്തിവെച്ചുകൊണ്ടുള്ള സ്റ്റേ ഓഡർ വരികയും വകയിരുത്തിയ ഫണ്ട് നഷ്ടപ്പെട്ടുപോകാതിരിക്കാനെന്നുള്ള ഗ്രാമപഞ്ചാത്തിന്റെ വാദം പരിഗണിച്ച് 29/3/22 ന് സ്റ്റേ ഓഡർ നീക്കി പ്രവൃത്തി തുരാൻ അനുവദിച്ചെങ്കിലും ആയതിന് തീരദേശനിയന്ത്രിതമേഖലാപരിപാലനസമിതിയിൽനിന്നുള്ള അനുവാദം വാങ്ങി കെട്ടിടനിർമാണച്ചട്ടങ്ങൾക്കനുസൃതമായി വേണം നിർമാണം നടത്തേണ്ടതെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതേ തുടർന്ന് 11/4/22 ൽ അസി. എൻജിനീയർ ട്രസ് വർക്ക് നിർമാണം നടത്തിയ കെട്ടിടം ക്രമവൽക്കുന്നതിനായി കോസ്റ്റൽ റെഗുലേറ്ററി സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് കത്ത് നൽകാം എന്ന് നിർദേശിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക കത്ത് നൽകിയെങ്കിലും ആയതിന്റെ തുടർനടപടിവിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

17/6/22-ന് കേരള കോസ്റ്റൽ സോൺ അോറിറ്റി പുറപ്പെടുവിച്ച 048/ENV/2006/CZMA നമ്പർ സർക്കുലർ അനുസരിച്ച് തീരദേശപരിപാലനനിർദേങ്ങൾ ലംഘിക്കുന്നത് തടയേണ്ടത് ത.സ്വ.ഭ.വ. സ്ഥാപനങ്ങളുടെ ചുമതലയാണെന്ന വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ നിർമാണപ്രവൃത്തി നൽകുന്ന സൂചന പ്രസ്തുത നിർദേശങ്ങൾ ഗ്രാമപഞ്ചായത്ത് ലംഘിച്ചു എന്നാണ്.

16/11 22 ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീയാക്കിട്ടില്ല എന്ന് കണ്ടു. ഫൗണ്ടേഷന് മുകളിൽ ട്രസ്സ് വർക്ക് സ്ഥാപിച്ചിട്ടുണ്ട്. 12/5/22 തീയ്യതി വരെ അളവെടുത്തിട്ടുണ്ട്. തുടർന്ന് കരാറുകാരന് തുക അനുവദിച്ചിട്ടില്ല.

തീരദേശനിയന്ത്രിത മേഖലാ പരിപാലന സമിതിയുടെ ട്രസ്സ് വർക്കിന് ഭീഷണിയായി സമീപം ഉണങ്ങിയ ഒരു തെങ്ങ് നില്പുണ്ട്. ആയത് നീക്കം ചെയ്യാൻ നടപടികൾ എടുക്കേണ്ടതാണ്. അനുമതി പ്രസ്തുത നിർമാണത്തിന് ലഭിക്കാത്ത പക്ഷം ചെലവഴിച്ച തുക വൃഥാവിലാകാനും കോടതിയുടെ വിമർശനം കേൾക്കുവാനുമുള്ള സാധ്യത നിലനിൽക്കുന്നു.

മുകളിൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പ. 34/18/11/22 )

## 1-49 അണ്ണല്ലൂർ ആനപ്പാറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി യീൽഡ് ടെസ്റ്റ് നടത്തുന്നതിന് മുമ്പേ വൈദ്യുതിബോർഡിൽ തുക അടവാക്കി

ജില്ലാ പഞ്ചായത്ത് വിഹിതം 2200000/- രൂപയും തനതുഫണ്ട് വിഹിതം 50000/- രൂപയും ഉൾപെ മൊത്തം 2250000/- രൂപയുടെ അടങ്കലിലാണ് 190/22 ആയി ഈ പ്രൊജക്റ്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സ്ഥടികം എന്ന സ്ഥലത്തുള്ള വിശാലമായ കുളത്തിന് സമീപമുള്ള സ്ഥലത്തെ കിണറ്റിൽനിന്ന് വെള്ളമെടുത്ത് യീൽഡ് ടെസ്റ്റ് നടത്തി പ്രൊജക്റ്റ് നടപ്പിലാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ കിണറിന് ചുറ്റുമതിൽ കെട്ടി വൈദ്യുതി കണക്ഷൻ ലഭ്യമാക്കി, യീൽഡ് ടെസ്റ്റ് വെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുക എന്നിവക്കാണ് അടങ്കലിൽ തുക വകയിരുത്തിയത്. യീൽഡ് ടെസ്റ്റ് നടത്തുന്നതിനുള്ള 7210/- രൂപ വൗച്ചർ നമ്പർ 22101186/14/3/22 പ്രകാരം

ഭൂജലവകുപ്പ് ജില്ലാ കാര്യാലയത്തിലേക്ക് അടവാക്കിയിട്ടുണ്ട്. മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് യീൽഡ് ടെസ്റ്റ് നടത്തുന്നതെന്ന് ഭൂജലവകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചെങ്കിലും ആയത് നടത്തിയത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. ഇക്കാരണത്താൽ പരിശോധനാഫലം അനുകൂലമാണോ എന്നറിയുവാനും നിർവാഹമില്ല. ഇതിനിടെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. മാള സെക്ഷൻ അസി. എൻജിനീയർക്ക് വൗച്ചർ നമ്പർ 2210144/26/3/22 പ്രകാരം 174463/- രൂപയും ചെക്ക് നമ്പർ 5449925/10/6/22 പ്രകാരം 16652/- രൂപയും നൽകി.

യീൽഡ് ടെസ്റ്റിന്റെ ഫലം പ്രതികൂലമെങ്കിൽ വൈദ്യുതി ബോർഡിൽ അവാക്കിയ തുക പാഴ് ചെലവാകുന്നതാണ്.

വൈദ്യുതി ബോർഡിൽ അടവാക്കിയ തുകയുടെ വിനയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. യീൽഡ് ടെസ്റ്റിന്റെ ഫലം അറിയുന്നതിന് മുമ്പേ തന്നെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കാൻ തുക അടവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (പരിശോധനാ റിപ്പോർട്ട് പകർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവർക്ക് നൽകിയിട്ടുണ്ട്).

## 1-50 ലൈഫ് എസ് സി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് എസ്.സി ഭവന നിർമ്മാണത്തിനായി 2020-21-ൽ കരാർ ചമച്ച ശ്രീമതി ശോഭന വേലായുധൻ, ഉണ്ടുപറമ്പിൽ, കോൾക്കുന്ന് എന്ന വ്യക്തി (ലൈഫ് ഐഡി-918722) വൗച്ചർ നമ്പർ 22001240/16.3.21 പ്രകാരം 40000 രൂപ കൈപ്പറ്റിയിരുന്നുമാണ്. എന്നാൽ നാളിതുവരെ ടിയാരി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-51 റോഡുകളുടെ സൗന്ദര്യവൽകരണത്തിന്റെ ഭാഗമായി വനവൽകരണപ്രവർത്തനങ്ങൾ-നട്ടുപിടിപ്പിച്ച വൃക്ഷതൈകൾ നശിച്ചുപോയതിന്മേൽ ഓംബുഡ്സ്മാന്റെ വിധി-തുടർവിവരങ്ങൾ അറിയിക്കേണ്ടതാണ്

ശ്രീ. ജോയി അന്തോണി, മാതിരപ്പള്ളി വീട് എന്നവർ 25/7/22 ന് ബഹു. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പപദ്ധതി തൃശ്ശൂർ ജില്ലാ ഓംബുഡ്സ്മാൻ മുമ്പാകെ മേൽ പ്രവൃത്തികൾ സംബന്ധിച്ച് ഫണ്ട് ദുരുപയോഗം ഉണ്ടായിട്ടുണ്ടെന്നും വിജയഗിരി പബ്ലിക് സ്കൂളിന് സമീപം സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചതിൽ ആവശ്യമായ വിവരങ്ങൾ ഇല്ല എന്നും സൂചിപ്പിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. സെക്രട്ടറി, അസി. എൻജിനീയർ, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ എന്നിവർക്കെതിരെ പരാതി നൽതിയതിന്മേൽ ബഹു. ഓംബുഡ്സ്മാൻ 2/8/22 മുതൽ 25/8/22 വരെയുള്ള തിയ്യതികളിലായി നടത്തിയ അഞ്ചുദിവസങ്ങളിലെ പരിശോധനയുടെ ഭാഗമായി താഴെ സൂചിപ്പിക്കുവിധമുള്ള വസ്തുതകൾ കണ്ടെത്തി ആയതിന് അനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതാണ്.

കണ്ടെത്തിയ വസ്തുതകൾ

1. ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 956738 രൂപ ചെലവഴിച്ചിട്ടുണ്ട്.

2.അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ എന്നിവരുടെ മൊഴി അനുസരിച്ച് 1400 തൈകൾ മൊത്തം നട്ടുപിടിപ്പിച്ചതിൽ പകുതിയിൽ അറെയും നശിച്ചുപോയി.

3.പരിപാലനത്തിനായി 36084/ രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 11 മനുഷ്യദിനങ്ങൾ മാത്രമാണ് ഒരു പ്രവൃത്തിക്ക് വേണ്ടി വിനിയോഗിച്ചത്. തുടർപരിപാലനം ഉണ്ടായിട്ടില്ല.

4. സ്ഥായിയായ ആസ്തി ഉറപ്പുവരുത്തിയില്ല. ലാഘവത്തോടെയും അലക്ഷ്യമായുമാണ് പദ്ധതി നടപ്പിലാക്കിട്ടുള്ളത്.

5. പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടത്ര മുൻകരുതലോ ആസൂത്രണമോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജോയിന്റ് ബി.ഡി.ഒ., വി.ഇ.ഒ., എക്സ്റ്റൻഷൻ ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. സെക്രട്ടറി, അസി. എൻജിനീയർ, തൊഴിലുറപ്പപദ്ധതി അക്രഡിറ്റഡ് എൻജിനീയർ, ഓവർസിയർ എന്നിവർ ഉത്തരവാദികളാണ്.

6, സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അപൂർണവും അവ്യക്തവുമാണ്.

മേൽപറഞ്ഞ വസ്തുതകൾ പരാമർശിച്ച് താഴെ സൂചിപ്പിക്കുവിധം ഉത്തരവും ബഹു. ഓംബുഡ്സ്മാൻ പുറപ്പെടുവിച്ചിട്ടുണ്ട്.

1. 45 ദിവസത്തിനുള്ളിൽ നശിച്ചുപോയ തൈകൾക്ക് പകരം പുതിയവ നട്ടുപിടിപ്പിച്ച് വിവരമറിയിക്കേണ്ടതും ഇതിനായി തൊഴിലുറപ്പപദ്ധതി പണം ഉപയോഗിക്കാനും പാടില്ല. ഇക്കാര്യം രേഖാ മൂലം വിവരമറിയിക്കേണ്ടതാണ്.

2. നശിച്ചുപോകാത്ത തൈകൾക്കും പുതുതായി നട്ടുപിടിപ്പിക്കുന്ന തൈകൾക്കും പരിപാനം നടത്തണം.

3.കേന്ദ്ര/സംസ്ഥാനസർക്കാരുകളുടെ നിർദേശങ്ങൾ പദ്ധതി നടപ്പിലാക്കുമ്പോൾ പാലിക്കേണ്ടതാണ്. ഇവ പാലിക്കാതിരിക്കുന്നതുമൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതാണ്.

4. സിറ്റിസൺ ഇൻഫർമേഷൻ ബോർഡുകൾ പുതുതായി സ്ഥാപിക്കണം.

5. ജോലിഭാരം പറഞ്ഞ് ഇക്കാര്യങ്ങളിൽ നിന്ന് ഒഴിയാൻ പാടില്ല. വീഴ്ച വരുത്തിയാൽ അച്ചടക്കനടപടി എടുക്കുന്നതാണ്.

ആയതിന്മേൽ ഗ്രാമപഞ്ചായത്തിൽനിന്ന് നൽകി തീയ്യതി ചേർക്കാത്ത വിശദീകരണം പ്രകാരം 27/9/22 ന് ആലോചനായോഗം കൂടിയതായും, അപാകതകൾ സമയബന്ധിതമായി പരിഹരിക്കാൻ തീരുമാനമെടുത്തതായും 14 വാർഡുകളിലും നശിച്ചുപോയ തൈകൾക്കുപകരം പുതിയ വൃക്ഷതൈകൾ വെച്ചുപിടിപ്പിക്കാൻ മേറ്റുമാരെ ചുമതലപ്പെടുത്തുകയും അവയുടെ പരിപാലനം കുറച്ചുദിവസം തൊഴിലുറപ്പുതൊഴിലാളികളും മെമ്പർമാരും ചെയ്തുകൊള്ളാമെന്നും ഇതിന്റെ മേൽനോട്ടം മെമ്പർമാർ ചെയ്തുകൊള്ളാമെന്നും യോഗം തീരുമാനിച്ചതായും വരും ദിവസങ്ങളിൽ നശിച്ചുപോയ തൈകൾക്കു പകരം പുതിയവ നട്ട് ജൈവവേലി കെട്ടി സംരക്ഷിച്ചതായും അറിയിച്ചു. 21/10/22-ലെ യോഗതീരുമാനപ്രകാരം വൃക്ഷതൈകളുടെ മൂന്നു വർഷത്തെക്കുള്ള പരിപാലനത്തിനായി അഡ്യൂഷണൽ ആക്ഷൻ പ്ളാൻ തയ്യാറാക്കുകയും ചെയ്തായി അറിയിച്ചിട്ടുണ്ട്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡിലെ പോരായ്മകൾ പരിഹരിച്ചതായും അറിയിച്ചിട്ടുണ്ട്.

പരാതിയിന്മേൽ വളരെ ശ്രദ്ധേയമായ വസ്തുതകൾ കണ്ടെത്തിയാണ് സന്ദർഭോചിതമായ ഉത്തരവ് ബഹു. ഓംബുഡ്സ്മാൻ പുറപ്പെടുവിച്ചിട്ടുള്ളത്. വേണ്ടത്ര പരിപാലനം ഉറപ്പുവരുത്തുമെങ്കിൽ കോൺക്രീറ്റ് പ്രവൃത്തികളെക്കാൾ സ്ഥായിയാ ആസ്തി സൃഷ്ടിക്കാൻ ഉതകുന്ന ഈ പദ്ധതിയെ ലാഘവമായി കണ്ടതുകൊണ്ടാണ് പദ്ധതി ലക്ഷ്യം കൈവരിക്കാതെ പോയത്. ഇക്കാര്യത്തിൽ ബഹു. ഓംബുഡ്സ്മാനിൽനിന്നുള്ള തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും പദ്ധതി പ്രവർത്തനങ്ങളോരോന്നും കുറ്റമറ്റ രീതിയിൽ ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ ഭാവിയിൽ പ്രത്യേകശ്രദ്ധ പുലർത്തുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

## 1-52 മസ്റ്റർ റോളിൽ ഒപ്പിടാതെയും പ്രവൃത്തി പൂർത്തീകരിച്ചശേഷവും മസ്റ്റർ റോൾ തയ്യാറാക്കി വിദഗ്ധ തൊഴിലാളികളുടെ വേതനം കൈപ്പറ്റി

സാമ്പത്തികവർഷം തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി ചെയ്ത റോഡ് കോൺക്രീറ്റിങ് പ്രവൃത്തികളിൽ ഒപ്പു രേഖപ്പെടുത്താതെയും പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർ റോൾ തയ്യാറാക്കിയും ചിലർ വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇപ്രകാരം അധികവേതനം നൽകിയിട്ടുള്ളത് ഒന്നൊഴികെ എല്ലാ പ്രവൃത്തികളിലും 2022-23 സാമ്പത്തികവർഷമാണ്. വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | അളവുപുസ്തകം, പ്രവൃത്തി മൂല്യം | അളവുപുസ്തകം പ്രകാരം പൂർത്തീകരിച്ച് തീയ്യതി | മസ്റ്റർ റോൾ നം-തീയ്യതി | വിദഗ്ധ തൊഴിലാളിയുടെ പേര് | വേതന നിരക്ക് | കൈപ്പറ്റിയ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| ആത്തക്കടം റോഡ് കോൺക്രീറ്റിങ് | 214/21-22, 486939.70 | 24/1/22 | 5541, 2 19/1/22-21/1/22 | ബിന്ദു<br>ലീല<br>സൗമ്യ<br>രാഖി<br>വിനോദ് | 880 | 2640/-<br>2640/-<br>2640/-<br>2640/-<br>2640/-<br>ആകെ 13200/- രൂപ | ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല<br>" |
| ആനപ്പാറ പട്ടാളം റോഡ് ടി | 249/21-22, 401814.21 | 15/2/22 | 6230, 18/2/22-24/2/22<br>6229, 18/2/22-24/2/22 | ജോർജ്<br>ലീല<br>മേരി<br>സ്വപ്ന<br>വിനോദ്<br>സൗമ്യ | 880<br>1040 | 6160<br>6160<br>6160<br>6160<br>880<br>ആകെ 25520/- രൂപ<br>4040/- | പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർ റോൾ തയ്യാറാക്കി<br>" |
| പഴൂക്കര ലിങ്ക് റോഡ് ടി | 215/21-22, 414210.45 | 5/2/22 | 703, 26/4/22-5/5/22 | ലീല<br>സ്വപ്ന<br>വിനോദ് | 880/- | 6160/-<br>6160/-<br>6160/-<br>ആകെ | പ്രവൃത്തി പൂർത്തീകരിച്ച ശേഷം മസ്റ്റർ റോൾ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 18480/- | തയ്യാറാക്കി |
| അഷ്ടമിച്ചിറ മഹാദേവക്ഷേത്രം റോഡ് ടി | 213/21-22496931.02 | 28/1/22 | 5699, 27/1/22-2/2/22 | സൗമ്യ ലീല മേരി | 880/- | 5280/- 5280/- 4400/- ആകെ 14960/- രൂപ | 29/1/22 മുതൽ ആറ് ദിവസങ്ങളിൽ പ്രവൃത്തി ചെയ്തു. 29.01.22 മുതൽ |
| കാവനാട് അംഗണവാടി ലിങ്ക് റോഡ് ടി | 231/21-22, 502575.54 | 25/2/22 | 702, 29/4/22-5/5/22 | ജോർജ് ലീല സൗമ്യ | 880/- | 6160/- 6160/- 6160/- ആകെ 18480/- | |
| ആകെ | | | | | | 94690/- രൂപ | |

ഈ പ്രവൃത്തികളുടെ വേജ് ലിസ്റ്റ് തയ്യാറാക്കി തുക അനുവദിച്ചത് 2022-23 ൽ ആണ്. അനർഹമായി തുക അനുവദിച്ചത് സംബന്ധിച്ച പേമെന്റ് ഓഡർ, തീയ്യതി എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം അനർഹമായി അനുവദിച്ച തുകകളെല്ലാം തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/15/11/22) എന്ന ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ടെൻഡർ ക്ഷണിക്കുകയും സീജൻ ജോർജ് എന്നവരെ വെങ്കർ ആയി നിയോഗിക്കുകയും ഇദ്ദേഹമാണ് വിദഗ്ധതൊഴിലാളികൾക്ക് വേതനം നൽകിയതെന്നുമാണ്. ആയത് ഇദ്ദേഹത്തിന് തിരിച്ചുനൽകുന്നതിന് വേണ്ടിയാണ് മേൽപറഞ്ഞ വ്യക്തികളെ വിദഗ്ധതൊഴിലാളികളായി രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കി. പ്രവൃത്തി നടന്നസമയത്ത് ഇവർ മറ്റ് സ്ഥലത്തുകൂടി പ്രവൃത്തി ചെയ്തതിനാൽ ഹാജർ മസ്റ്റർ റോളുൽ ചേർക്കാൻ കഴിയാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചശേഷം മസ്റ്റർ റോൾ തയ്യാറാക്കി ഒപ്പ് രേഖപ്പെടുത്തിയത് തൊഴിലുറപ്പുപദ്ധതിയുടെ ലക്ഷ്യത്തിന് എതിരാണെന്നും ഭാവിയിൽ ഇപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

കാലികപ്രാധാന്യമുള്ള ഈ സംഭവം സശ്രദ്ധം വിലയിരുത്തി സന്ദർഭോചിതമായ നടപടികൾ കൈകൊള്ളുവാൻ നിർവഹണാധികാരിയും ഭരണാധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആഭ്യന്തരനിയന്ത്രണ സംവിധാനവും, ഇന്റേണൽ ഓഡിറ്റ് സംവിധാനവും, വിജിലൻസ് മോണിറ്ററിങ് കമ്മിറ്റികളുടെ പ്രവർത്തനവും ഇതിനായി കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ്.

## 1-53 മസ്റ്റർ റോൾ അനുവദിക്കും മുമ്പേയുള്ള ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി

കടപ്പൂക്കര ലിങ്ക് റോഡ് എന്ന പ്രവൃത്തിയിലാണ് മേൽ വിവരിച്ച അപാകത ഉണ്ടായിട്ടുള്ളത്.

ഈ പ്രവൃത്തിക്ക് വേണ്ടിയുള്ള മസ്റ്റർറോൾ നമ്പർ 83 ഗ്രാമപഞ്ചായത്തിലെ അസി. സെക്രട്ടറി കൈപ്പറ്റിയതും അദ്ദേഹത്തിൽ നിന്ന് മേറ്റ് കൈപ്പറ്റിയതും 9/4/21നാണ്. ഈ മസ്റ്റർ റോൾ അവിദഗ്ധതൊഴിലാളികൾക്ക് വേതനം നൽകാൻ വേണ്ടിയുള്ളതായിരുന്നു. അവിദഗ്ധതൊഴിലാഴികൾ സ്ഥലം വൃത്തിയാക്കി, തുടർന്ന് ക്വാറി മക്ക് ഫിൽ ചെയ്ത്, അതിന് ശേഷം അത് നിരപ്പാക്കാനും, കോൺക്രീറ്റ് ചെയ്യുവാനുമാണ് വിദഗ്ധതൊഴിലാളികൾ വേണ്ടിവരുന്നത്. എന്നാൽ താഴെ കൊടുക്കുന്ന മസ്റ്റർറോളുകൾ പ്രകാരം 7/4/21, 8/4/21 എന്നീ തീയ്യതികളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| മസ്റ്റർ റോൾ നം. | വേതനനിരക്ക് | വിദഗ്ധതൊഴിലാളിയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 86 | 755 | സൗമ്യ ലീല പ്രേമൻ | 1550/- 1550/- 1550/- ആകെ 4650/- രൂപ |

| | | | |
|---|---|---|---|
| 87 | 755 | ലില്ലി<br>ദ്വസിക്കുട്ടി<br>നാരായണൻ<br>സുമംഗല നാരായണൻ | 1550/-<br>1550/-<br>1550/-<br>1550/-<br>ആകെ<br>6200/- രൂപ |
| ഒട്ടാകെ | | | 10850/- രൂപ |

മേൽപ്രകാരം അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/25/11/22)

## 1-54 കെൽട്രോണിൽ നിന്നും പ്രിന്റർ വാങ്ങുന്നതിന് തുക കൈമാറിയത് -പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-150/22

ഫണ്ട്-പ്ലാൻ ജനറൽ

വൗച്ചർ നമ്പർ- 22101296/27.3.22

ഓഡിറ്റ് എൻക്വയറി നമ്പർ-39/18.11.2022

കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കായി രണ്ട് കമ്പ്യൂട്ടർ, രണ്ട് പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് 119630/- രൂപ കൈമാറി. എന്നാൽ ഇൻവോയ്സ് നമ്പർ ITP/03164/22 25.6.22 പ്രകാരം രണ്ട് കമ്പ്യൂട്ടർ മാത്രമേ ലഭിച്ചിട്ടുള്ളൂ. (79594 രൂപ) 40036 രൂപക്കുള്ള രണ്ട് പ്രിന്ററുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. കത്ത് നമ്പർ ഡി-8015/21/14.3.22 & 21.6.22 പ്രകാരം തുക റീ ഫണ്ട് ചെയ്ത് കിട്ടുന്നതിന് മാനേജർ, കെൽട്രോണിന് കത്ത് നൽകിയിട്ടുണ്ടെങ്കിലും നളിതുവരെ തുക റീ ഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. തുക റീ ഫണ്ട് ചെയ്ത് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-55 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരുടെ വിവരങ്ങൾ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യുന്നതിൽ കാലതാമസം

മാള ഗ്രാമപഞ്ചായത്തിലെ, സാമൂഹ്യ സുരക്ഷാപെൻഷൻ ഫയൽ പരിശോധനയിൽ, സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷം ഏതാണ്ട് ഒരു വർഷത്തോളം, ഈ ഗുണഭോക്താവ് പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കപ്പെടാതെ നിൽക്കുന്നതായും, ടിയാളുടെ അക്കൗണ്ടിലേക്ക് പെൻഷൻ തുക വരുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കൾക്ക് മാള ഗ്രാമപഞ്ചായത്തിൽ നിന്നും, മരണ സർട്ടിഫിക്കറ്റ്, മരണം നടന്ന് അധികം താമസിയാതെ തന്നെ നൽകിയിട്ടുണ്ട് എങ്കിലും, പെൻഷൻ ഡാറ്റാബേസിൽ നിന്നും ഗുണഭോക്താവിന്റെ പേര് നീക്കം ചെയ്യുന്നതിൽ പിന്നെയും കാലതാമസം നേരിടുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സാമൂഹ്യ സുരക്ഷാപെൻഷൻ തരം | മരണം നടന്ന തിയതി | മരണസർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ | ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|
| ജനാർദ്ദനൻ പി.വി | വാർദ്ധക്യകാലപെൻഷൻ | 28-7-20 | മാള ഗ്രാമപഞ്ചായത്ത്, തിയതി 13-8-20 | 9/2021 |
| മഠത്തിൽ പത്മാവതിയമ്മ | വാർദ്ധക്യകാലപെൻഷൻ | 27-5-20 | മാള ഗ്രാമപഞ്ചായത്ത്, തിയതി 6-6-20 | 9/2021 |
| ചന്ദ്രൻ പി.എം | വാർദ്ധക്യകാലപെൻഷൻ | 13-12-20 | മാള ഗ്രാമപഞ്ചായത്ത്, തിയതി 31-12-20 | 12/2021 |
| നെല്ലിശ്ശേരി ത്രേസ്യ | വിധവാ പെൻഷൻ | 18-1-21 | മാള ഗ്രാമപഞ്ചായത്ത്, തിയതി 27-1-21 | 10/21 |
| മണപ്പറമ്പിൽ | വാർദ്ധക്യകാലപെൻഷൻ | 20-12-20 | മാള ഗ്രാമപഞ്ചായത്ത്, | 10/21 |

| | | | | |
|---|---|---|---|---|
| വേലായുധൻ | | | തിയതി 31-12-20 | |
| മറിയം സേവ്യർ, മാടപ്പിള്ളി | വാർദ്ധക്യകാലപെൻഷൻ | 18-8-20 | കാട്ടകുറ്റി ഗ്രാമപഞ്ചായത്ത്, തിയതി 30-9-20 | 10/21 |
| വിതയത്തിൽ വർഗ്ഗീസ് | വാർദ്ധക്യകാലപെൻഷൻ | 7-5-21 | മാള ഗ്രാമപഞ്ചായത്ത്, തിയതി 25-6-21 | 10/21 |
| അന്തോണി കോക്കാട്ടി | വാർദ്ധക്യകാലപെൻഷൻ | 20-3-21 | മാള ഗ്രാമപഞ്ചായത്ത്, തിയതി 21-4-21 | 12/21 |
| ശിവദാസൻ പാറയിൽവളപ്പിൽ | വാർദ്ധക്യകാലപെൻഷൻ | 21-9-20 | ചാലക്കുടി മുനിസിപ്പാലിറ്റി, തിയതി 23-10-20 | 12/21 |
| ചന്ദ്രൻ പാടത്തുപറമ്പിൽ | വാർദ്ധക്യകാലപെൻഷൻ | 13-12-20 | മാള ഗ്രാമപഞ്ചായത്ത്, തിയതി 31-12-20 | 12/21 |

ധനകാര്യ വകുപ്പിന്റെ 23-9-20-ലെ ഉത്തരവ് നം.(എം.എസ്)97/2020/ധന പ്രകാരം, മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. ധനകാര്യ വകുപ്പിന്റെ 5-11-20-ലെ സർക്കുലർ നം.67/2020/ധന പ്രകാരം, പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്.

മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യാൻ കാലതാമസം നേരിട്ടതിന്റെ കാരണം ഓഡിറ്റിന് വ്യക്തമാക്കേണ്ടതും അധികം തുക മരണശേഷം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-56 എഫ്.ടി.എസ് ദിവസവേതനനിയമനം സംബന്ധിച്ച്

പഞ്ചായത്തിലെ ഹാജർപുസ്തക പരിശോധനയിൽ, ഒരു എഫ്.ടി.എസ് തസ്തിക ഒഴിവുള്ളതായി കാണുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 1.6.2015 മുതൽ തസ്തിക ഒഴിവുള്ളതാണെന്നും, ഈ തസ്തികയിൽ അന്ന് മുതൽ ശ്രീമതി മാലതി.സി.എൻ എന്നവർ ദിവസവേതനത്തിൽ തുടരുന്നതായും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ഒഴിവ് സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-57 ഇലക്ട്രിക്കൽ വർക്കിന് സൂപ്പർവിഷൻചാർജ്-ജി.എസ്.ടി കൂടി ഉൾപ്പെട്ട എസ്റ്റിമേറ്റ് തുകയുടെ 4% കണക്കാക്കി നൽകി.

22-9-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/ത.സ്വ.ഭ.വ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവർത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. ഈ ആവശ്യത്തിനായി ജി എസ് ടി ഉൾപ്പെടാതെയുള്ള തുകയാണ് എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്ക്സ്-ബി) വകുപ്പിന്റെ 1-3-2019ല, 18/2019/fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി നൽകുന്നതിന് പകരം, എസ്റ്റിമേറ്റ് തുക+ 12% ജി എസ് ടി യുടെ 4% ആണ് പ്രതിഫലമായി നൽകിയിരിക്കുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നൽകാവുന്ന തുക (എസ്റ്റിമേറ്റ് തുകയുടെ 4%) | നൽകിയത് (എസ്റ്റിമേറ്റ് തുക+12% ജി.എസ്.ടി) | അധികം നൽകിയത് | വൗച്ചർ നം./തിയതി |
|---|---|---|---|---|
| 197/22 131-ാം നമ്പർ അങ്കണവാടി വൈദ്യുതീകരണം | 67088x4% =2683.5 | 67088 .35+8050.6 =75138.95x4% =3005,5 | 322 | 2210350, Dt.27.3.22, Amt.77730 |
| 167/22,104-ാം | 151802.78x4% | 151802.78+18216.33 | 728 | 22101251, |

| | | | | |
|---|---|---|---|---|
| നമ്പർ സ്നേഹഗിരി അങ്കണവാടി വൈദ്യുതീകരണം | =6072.11 | =170019.11<br>=6800.76 | | Dt.27.3.22, Amt.130290 |
| ആകെ | | | 1050 | |

ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-58 പഞ്ചായത്തിന്റെ ചുമതലയുമായി ബന്ധപ്പെട്ട സേവനങ്ങൾ ഉൾപ്പെട്ട പ്രവർത്തികൾക്ക് ജി.എസ്.ടി അടവാക്കി

ഭരണഘടനയുടെ ആർട്ടിക്കിൾ 243G പ്രകാരം ഒരു പഞ്ചായത്തിനെ ഏൽപ്പിച്ചിരിക്കുന്ന ഏതെങ്കിലും ചുമതലയായി ബന്ധപ്പെട്ടുള്ള ഏതെങ്കിലും പ്രവർത്തനത്തിനായി കേന്ദ്ര സർക്കാരിനോ, സംസ്ഥന സർക്കാരിനോ അല്ലെങ്കിൽ ഒരു കേന്ദ്ര ഭരണപ്രദേശത്തിനോ അല്ലെങ്കിൽ ഒരു ലോക്കൽ അതോറിറ്റിക്കോ അല്ലെങ്കിൽ ഒരു സർക്കാർ അധികാരസ്ഥാനത്തിനോ നൽകുന്ന ശുദ്ധ സേവനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവർത്തിക്ക് ജി.എസ്.ടി ഈടാക്കിയതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം, പേര് | കോൺട്രാക്ടറുടെ പേര് | പ്രവൃത്തി മൂല്യം | ജി.എസ്.ടി ആയി ഈടാക്കിയ തുക | വൗച്ചർ നം., തിയതി, തുക |
|---|---|---|---|---|
| 169/22,പറയൻതോട് നവീകരണം | ദ്രോണ എഞ്ചിനീയറിംഗ് ആന്റ് കൺസൾട്ടന്റ്സ് | 144400 | 7220 | 22100921,dt.19-1-22<br>22100922,dt.19-1-22 |

മേൽ പ്രകാരം ജി.എസ്.ടി അടവാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-59 മുട്ടക്കോഴി വളർത്തൽ (ജനറൽ) മുഴുവൻ വിതരണവും നടന്നതായി രേഖയില്ല. രേഖകളില്ലാത്ത ചെലവ് നടപടി ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ. 46/21-22

25/11/2021 വികസന ഫണ്ട്- 317400 വൗ. 22100959

25/11/2021 ഗുണഭോക്തൃ വിഹിതം- 317400 വൗ.22100803

23/02/2022 വികസന ഫണ്ട് - 74400 വൗ. 22101292

24/02/2022 ഗുണ ഭോക്തൃ വിഹിതം- 74400 വൗ. 22101103

03/03/2021 വികസന ഫണ്ട് - 4200 വൗ. 22101312

14/03/2021 ഗുണ ഭോക്ത്യ വിഹിതം- 4200 വൗ.22101190

ആകെ 660 ഗുണഭോക്താക്കൾക്ക് 10 വീതം കോഴികുഞ്ഞുങ്ങൾ എന്ന കണക്കിൽ 6600 കുഞ്ഞുങ്ങളെ വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ കുഞ്ഞ് ഒന്നിന് 120 രൂപ നിരക്കിൽ ആകെ 792000 രൂപ ചെലവിട്ടിട്ടുണ്ട്. ഈ പ്രോജക്ടിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ഭദ്ര ഫാമിൽ നിന്നും 2645 എണ്ണം കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

2. ആകെ 660 പേർക്കുള്ള കോഴിക്കുഞ്ഞുങ്ങളാണ് വാങ്ങിയത് എങ്കിലും 525 പേർക്കു മാത്രമേ വിതരണം ചെയ്തതായി രേഖയുള്ളൂ.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറിക്ക് 31/17-11-2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകാത്ത സാഹചര്യത്തിൽ ഹാജരാക്കാത്ത ബില്ലിലെ ചെലവ് 317400 രൂപ, വിതരണം ചെയ്തതായി രേഖയില്ലാത്ത കോഴിക്കുഞ്ഞുങ്ങളുടെ എണ്ണത്തിന്റെ വില 135*120=16200 എന്നിവ ചേർത്ത് ആകെ 333600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റിൽ

ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ (1997-ലെ ഓഡിറ്റ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12 പ്രകാരം രേഖകൾ സൂക്ഷിച്ചിട്ടില്ല എന്ന നിലയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്).

## 1-60 വാഴകൃഷിക്ക് ജൈവവളം യൂണിറ്റ് കോസ്റ്റ് കണക്കാക്കാതെ സബ്സിഡി നൽകിയത്

14/02/2018-ലെ ജി.ഒ.എം.എസ് നം.22/2018 തസ്വഭവ നമ്പർ ഉത്തരവു പ്രകാരം ജനറൽ വിഭാഗത്തിൽ വാഴകൃഷിക്ക് ജൈവവളത്തിന് 75 % സബ്സിഡി നൽകുന്നതിനാണ് വ്യവസ്ഥയുള്ളത്. ജൈവവളത്തിന്റെ വില ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് കണക്കാക്കി നൽകിയതിനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്.ഇതു പ്രകാരം 14/03/22 ന് ചേർന്ന ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാതല സമിതി യോഗത്തിൽ വിവിധ ഇനം ജൈവവളങ്ങൾക്ക് വില നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മാള പഞ്ചായത്തിൽ നടന്ന വാഴകൃഷി വികസനം എന്ന പ്രോജക്ടിൽ യൂണിറ്റ് കോസ്റ്റ് അടിസ്ഥാനമാക്കിയല്ല സബ്സിഡി അനുവദിച്ചത് എന്നു കാണുന്നു.11/02/2022 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനം 3/3(1) പ്രകാരം വാഴയ്ക്ക് യൂണിറ്റ് കോസ്റ്റ് ആയി 60 രൂപ ഒരു കിലോ ഒന്നിന് എന്ന നിലയ്ക്ക് നൽകാൻ തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനപ്രകാരം കമ്മിറ്റി എന്താണ് ഉദ്ദേശിച്ചത് എന്ന് വ്യക്തമല്ല. സബ്സിഡി മാർഗ്ഗ രേഖയിൽ നിന്ന് വ്യത്യസ്തമായി എടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം സർക്കാർ അംഗീകാരം നേടിയതായി കാണുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിൽ മാറ്റം വരുത്തുന്നതിന് സർക്കാർ അംഗീകാരം അനിവാര്യമെന്നിരിക്കെ ഏത് സാഹചര്യത്തിലാണ് നിർവ്വഹണോദ്യോഗസ്ഥൻ ഇത്തരമൊരു ശുപാർശ സമർപ്പിച്ചത് (03/12/2021 ലെ കൃഷി ഓഫീസറുടെ പഞ്ചായത്ത് പ്രസിഡണ്ടിനുള്ള കത്ത്) എന്ന് വ്യക്തമല്ല. യൂണിറ്റ് കോസ്റ്റ് പരിഗണിച്ചിട്ടില്ല എന്നുള്ളതിന് ഒരു ഉദാഹരണം താഴെ ചേർക്കുന്നു

വാഴകൃഷി വികസനം

S0020/22

ട്രഷറി ബിൽബുക്ക് നമ്പർ. 3/30-12-22

വാഴകൃഷി ജൈവവള സബ്സിഡിക്കായി ശ്രീമതി അന്നം ജോസഫ് എന്നയാൾ താഴെ ചേർക്കും പ്രകാരം അഷ്ടമിച്ചിറ സർവ്വീസ് സഹകരണ ബാങ്കിന്റെ രണ്ട് ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തിയ്യതി | തുക |
|---|---|---|---|
| 1 | 1108 | 25/06/2021 | 10900 |
| 2 | 3507 | 25/10/2021 | 29275 |
| | ആകെ | | 40175 |

ഉത്തരവ് നം.22/2008 ത.സ്വ.ഭ.വ തിയ്യതി 14/02/2018 പ്രകാരം അനുവദിക്കാവുന്ന ജൈവവള സബ്സിഡി 30131 രൂപയാണ്. ശ്രീമതി അന്നം ജോസഫിന് മേൽ ട്രഷറി ബിൽ പ്രകാരം മാറിയ തുകയിൽ നിന്നും 30000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 14/03/22-ന് ചേർന്ന ജില്ലാതല യൂണിറ്റ് കോസ്റ്റ് ജില്ലാതല സമിതി യോഗത്തിലെ തീരുമാന പ്രകാരം ഏറ്റവും നല്ല ക്വാളിറ്റി കടലപിണ്ണാക്കിന് കിലോയ്ക്ക് 50 രൂപയാണ് വില മാത്രമല്ല രണ്ടാമത്തെ ബില്ലിൽ 300 Kg കടല പിണ്ണാക്ക് ഉൾപ്പെടുന്നു. ഇതിന് 57 രൂപയാണ് വില ഈ വില കൂടി ഉൾപ്പെടുത്തിയാണ് സബ്ഡിഡി അനുവദിച്ചത്. മാർഗ്ഗരേഖയനുസരിച്ചല്ലാത്ത ഏത് നടപ്പാക്കലും സർക്കാർ അംഗീകാരത്തോടെയാകാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മാത്രമല്ല ഈ വിധത്തിൽ പ്രോജക്ടുകൾ നടപ്പിലാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ. 29/30-12-2022

# ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാളയിൽ നിന്നും ലൈസൻസ് ഫീ തുക കുറവായി ഈടാക്കി

2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്ററും, സ്ഥപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചപ്പോൾ കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാള യൂണിറ്റ്(XVI/64,65,66) സമർപ്പിച്ച അപേക്ഷയിൽ മൂലധനം 1.80 കോടി രൂപ എന്ന് രേഖപ്പെടുത്തിയതിനനുസൃതമായി ലൈസൻസ് ഫീസ് ആയി 5000/-

രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 02.05.2019 ലെ നം.PCB/DO/TSR/R4/ICO/8880/2019 നമ്പർ കൺസന്റ് പ്രകാരം സ്ഥാപനത്തിന്റെ മൂലധനം 509.78 ലക്ഷം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം 5.09 കോടി രൂപയാണെന്ന് അനുമാനിക്കാവുന്നതാണ്. ഉല്പാദന മേഖലയിൽ 5 കോടി രൂപയിൽ കൂടുതൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും 10000 രൂപ വരെ ലൈസൻസ് ഫീ ഈടാക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ, മാള യൂണിറ്റിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ 10000 രൂപ ഈടാക്കാതെ 5000 രൂപ ഈടാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 15.11.2022 ലെ നം.18/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിലെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന 5000/- രൂപ കൂടി ഈടാക്കി വിവരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മസ്റ്റർ റോൾ അനുവദിക്കും മുമ്പേയുള്ള ദിവസങ്ങളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റി

കടപ്പൂക്കര ലിങ്ക് റോഡ് എന്ന പ്രവൃത്തിയിലാണ് മേൽ വിവരിച്ച അപാകത ഉണ്ടായിട്ടുള്ളത്.

ഈ പ്രവൃത്തിക്ക് വേണ്ടിയുള്ള മസ്റ്റർറോൾ നമ്പർ 83 ഗ്രാമപഞ്ചായത്തിലെ അസി. സെക്രട്ടറി കൈപ്പറ്റിയതും അദ്ദേഹത്തിൽ നിന്ന് മേറ്റ് കൈപ്പറ്റിയതും 9/4/21നാണ്. ഈ മസ്റ്റർ റോൾ അവിദഗ്ധതൊഴിലാളികൾക്ക് വേതനം നൽകാൻ വേണ്ടിയുള്ളതായിരുന്നു. അവിദഗ്ധതൊഴിലാഴികൾ സ്ഥലം വൃത്തിയാക്കി, തുടർന്ന് ക്വാറി മക്ക് ഫിൽ ചെയ്ത്, അതിന് ശേഷം അത് നിരപ്പാക്കാനും, കോൺക്രീറ്റ് ചെയ്യുവാനുമാണ് വിദഗ്ധതൊഴിലാളികൾ വേണ്ടിവരുന്നത്. എന്നാൽ താഴെ കൊടുക്കുന്ന മസ്റ്റർറോളുകൾ പ്രകാരം 7/4/21, 8/4/21 എന്നീ തീയ്യതികളിൽ ഒപ്പ് രേഖപ്പെടുത്തി വിദഗ്ധതൊഴിലാളികളുടെ വേതനം കൈപ്പറ്റിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

| മസ്റ്റർ റോൾ നം. | വേതനനിരക്ക് | വിദഗ്ധതൊഴിലാളിയുടെ പേര് | കൈപ്പറ്റിയ തുക |
|---|---|---|---|
| 86 | 755 | സൗമ്യ<br>ലീല<br>പ്രേമൻ | 1550/-<br>1550/-<br>1550/-<br>ആകെ<br>4650/- രൂപ |
| 87 | 755 | ലില്ലി<br>ദ്വസിക്കുട്ടി<br>നാരായണൻ<br>സുമംഗല നാരായണൻ | 1550/-<br>1550/-<br>1550/-<br>1550/-<br>ആകെ<br>6200/- രൂപ |
| ഒട്ടാകെ | | | 10850/- രൂപ |

മേൽപ്രകാരം അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 16/25/11/22)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

B4 സ്റ്റേറ്റ്മെന്റിൽ മൂന്ന് ശീർഷകങ്ങളിലായി, 1822518 രൂപയുടെ ബാധ്യത ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളിലുണ്ട്. ആയതിന്റെ കൃത്യത വ്യക്തമാക്കുന്ന എ.സി.ആറിന്റെ അഭാവത്തിൽ ഓഡിറ്റ് റിപ്പോർട്ടിൽ ഈ പട്ടിക ഉൾപ്പെടുത്തുന്നില്ല. വാർഷികകണക്ക് പരിശോധനയുടെ വിശേഷണമായി ചേർക്കുന്നു.

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മാള ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22101074, Dt.07.02.22 | 1748324 | 0 | 1748324 |
| “” | “” | 22101244, Dt.26.03.22 | 174463 | 0 | 174463 |
| “" | “”” | 22101182, Dt.14.03.22 | 1588579 | 0 | 1588579 |
| “” | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100227, Dt.22.06.21 | 35872 | 0 | 35872 |
| “” | “”” | 22100334, Dt.26.07.21 | 34178 | 0 | 34178 |
| “” | “”” | 22100813, Dt.17.12.21 | 138208 | 0 | 138208 |
| “” | “”” | 22101080, Dt.11.02.22 | 55435 | 55435 | 0 |
| “” | “”” | 22101165, Dt.08.03.22 | 7335 | 7335 | 0 |

വാർഷികകണക്കിൽ ബി 18 ഷെഡ്യൂൾ പ്രകാരം 6561847/- രൂപയുടെ അഡ്വാൻസ്/ഡെപ്പോസിറ്റ് ഉണ്ട്. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകളുടെ അഭാവത്തിൽ ഈ തുകയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ അപാകത വാർഷികകണക്കിന്റെ വിശേഷണങ്ങളിലൊന്നായി ചേർക്കുന്നു.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷ വായ്പാ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് | GO(MS)No.68/18LSGD, Dt.18-5-2018 | 3027106 | 1676753 | - | 821313 | 0 | 855440 |

B5 ഷെഡ്യൂൾ പ്രകാരം, 31.3.22-ന് അവശേഷിക്കുന്ന വായ്പാ 1267106/- രൂപാ ആണ്. വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച്

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 22444215 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | പലിശ | 507164 | |
| 4 | ആകെ | 22951379 | |
| 5 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 22951379 | |
| 7 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | ബാങ്കിന്റെ പേര് | തുക |
| | | കേരളാ ബാങ്ക്, മാള ബ്രാഞ്ച് | 22951379 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയതി |
|---|---|---|---|---|
| 2018-19 | 1-30 | 864 | ഗിരിജകുമാർ, ഗ്രേസ് ഇലക്ട്രിക്കൽസ്, കുഴൂർ | 121030102260/24.9.21 |
| 2019-20 | 1-34(1) | 76400 | ചെയർമാൻ, ഡോ.രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ | 121030107652/14.2.22<br>121030108315/22.2.2022 |
| 2019-20 | 1-34(ബി) | 1800 | മാളവീയം കുറീസ്, പ്രൈ. ലിമിറ്റഡ് | 121030103199/3.11.21 |
| | 1-34(2) | 4200 | സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പഴൂക്കര | 121030103271/8.11.21 |
| | 1-52 | 16915 | സെബാസ്റ്റ്യൻ.എ.വി, കോൺട്രാക്ടർ | 121030103275/8.11.21 |
| | 1-52 | 2713 | ദേവസ്സിക്കുട്ടി.സി.വി, ചെല്ലക്കടം, കോൺട്രാക്ടർ | 121030103183,2.11.21 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ രേഖകൾ പട്ടികയിൽ ചേർക്കുന്നു. എന്നാൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ വാർഷിക കണക്കിൽ തുക വരവ് വരാത്തത് പരിശോധിക്കപ്പെടേണ്ടതാണ്.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3(2) | 2016-17 | 3(2) | ഫുഡ്കോർട്ട് നിർമാണം-അപാകതകൾ- | ന്യൂനതാ പരിഹാര നടപടി പത്രിക നിയമസഭാസമിതിയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പ്രത്യേക ഘടക പദ്ധതി | സമർപ്പിക്കുന്നതിനായി അസി. ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 115180128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 107478287 |
| വരവിനങ്ങളിലുള്ള നഷ്ടം | 5000/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10850 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 333600 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5000/- | | മധുസൂദനൻ ടി. ജി, സെക്രട്ടറി |
| 3-1 | | 10850/- | പി. ജെ ജലിൽ, അസി. സെക്രട്ടറി |
| ആകെ | 5000/- | 10850/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-59 | 333600 | ഷിബു പി. വി,<br>വെറ്ററിനറി സർജൻ |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു പി. വി, വെറ്റനറി സർജൻ | വെറ്റനറി സർജൻ, വെള്ളാങ്കല്ലൂർ ഗ്രാമ പഞ്ചായത്ത് | പാറപറമ്പിൽ വീട്, മാള പള്ളിപ്പുറം |
| മധുസൂദനൻ ടി. ജി | വിരമിച്ചു | ശ്രീനിലയം, ഒക്കൽ പി.ഒ, എറണാകുളം |
| പി. ജെ. ജലീൽ | അസി. സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത് | പുത്തൻകുടിയിൽ ഹൗസ്, കുങ്ങപിലശ്ശേരി പി.ഒ |

## 4-10 ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1997-98 | LFT13-1108/99 Dt. 18.3.2000/13.6.2000 | 4 | 14, 15, 21, 36 | |
| 2 | 1998-99 (വരവ്) | LFT13-1596/2001 Dt. 17.4.2002/2.8.2002 | ഈ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ല. (KSAD & Mala Gpt.) | | |
| 3 | 1999-2000 | LFT13-1379/02 Dt. 12.12.02/7.5.03 | 4 | 30, 71 | CAR |

| | | | | | |
|---|---|---|---|---|---|
| | | | | 59, 75 | |
| 4 | 2000-01 (വരവ്-ചെലവ്) | LFT13-1651/02 Dt. 3.3.03/6.9.03 | 8 | 27 | CAR |
| | | | | 26, 43(1) | SCH |
| | | | | 39, 48, 49, 50, 51 | Case |
| 5 | 2001-02 (ജനകീയാസൂത്രണം) | LFT13-1529/03 Dt. 6.3.04/1.7.04 | 3 | 3, 4, 9 | |
| 6 | 2003-04 | LFT13-1927/07 Dt. 25.6.08/16.10.08 | 1 | 3-2(1,3) | |
| 7 | 2004-05 | LFT13-424/09 Dt. 7.5.10/17.7.10 | 1 | 3-10 | Case (Vigilance) |
| 8 | 2005-06 | LFT13-1746/09 Dt. 17.1.11/12.8.11 | 4 | 3-1, 3-2, 3-4(3,4,6,7) | |
| | | | | 3-8 | CAR |
| 9 | 2006-07 | LFT13-1747/09 Dt. 18.1.11/12.8.11 | 1 | 3-5(എ) | |
| 10 | 2007-08 | LFTP4-1903/11 Dt. 3.12.11/5.3.12 | 2 | 3-4, 3-13 | |
| 11 | 2008-09 | LFTP4-1904/11 Dt. 31.12.11/9.3.12 | 3 | 3-7, 3-9, 3-17 | |
| 12 | 2009-10 & 2010-11 | LFTP4-1905/12 Dt. 18.2.13/16.7.13 | 5 | 2-9, 3-14, 3-4, 3-7 | |
| | | | | 3-13 | Case |
| 13 | 2011-12 | LFTP4-1415/13 Dt.10.3.14/2.5.14 | 3 | 3-21 | |
| | | | | 3-22 | |
| | | | | 3-24 | Case |
| 14 | 2012-13 | LFTP4-1719/14 Dt. 4.2.15/10.2.15 | 4 | 3-2, 3-4, 3-10, 3-11 | |
| 15 | 2013-14 | KSATSR(P4)1195/15 Dt. 15.10.15/21.10.15 | 3 | 2-4 | Case (High Court) |
| | | | | 3-2-1, 3-15 | |
| 16 | 2014-15 | KSATSR(P4)1210/16 Dt. 22.7.16 | 7 | 3-2 | CAR |
| | | | | 3-7, 3-13, 3-15, 3-18, 3-21, 3-11 | |
| 17 | 2015-16 | KSATSR-P4-1907/16 Dt. 11.11.16 | 1 | 3-2 | |

| | | | | | |
|---|---|---|---|---|---|
| 18 | 2016-17 | KSATSR-P4-1417/17 Dt. 4.10.17/9.11.17 | 6 | 3-7, 3-13, 3-14, 3-15, 3-5, 3-6 | |
| 19 | 2017-18 | KSATSR-P4-419/19 Dt. 25.3.19 | 2 | 2-2-1, 3-11 | |
| 20 | 2018-19 | KSATSR-P4-1786/19 Dt. 06.02.20 | 26 | 1-12(2,9), 1-13, 1-15, 1-16, 1-17, 1-18(1,2,5,6), 1-19, 1-20(1), 1-21, 1-23, 1-26, 1-27(2,3), 1-29, 1-30, 1-31(1,5,7,8), 1-32, 1-33, 1-36, 1-37, 1-38, 1-39, 1-40, 1-45, 1-47(2,3,4,5), 3-4, 3-5 | |
| 21 | 2019-20 | KSATSR-P8-1567/21 Dt. 18.5.22 | 31 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-35, 1-36, 1-37, 1-39, 1-40, 1-42, 2-2 | |
| 22 | 2020-21 | KSATSR-P8-1568/21 Dt. 18.5.22 | 50 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 2-1, 3-1, 3-2, 3-3 | |
| | ആകെ | | 169 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്